# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.P10-1475/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയതി: 11/11/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.P10-1475/2024 തീയ്യതി: 11/11/2024

# പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2023 മുതൽ 18-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി. ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 28-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 28-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജീഷ.ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
താരിഖ്.എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിന്നീസ.എൻ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമണി.ഇ. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.മാലിനി.എസ്.പി. | സെക്രട്ടറി | 01-04-2023 | 03-08-2023 |
| ശ്രീ.ദിനേഷ്.കെ.എൻ. | സെക്രട്ടറി | 04-08-2023 | 03-09-2023 |
| ശ്രീ.നാരായണൻ.എം.എസ്., അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2023 | 22-11-2023 |
| ശ്രീ.അനൂപ് മോഹൻ | സെക്രട്ടറി | 23-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനൂപ് ആനന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 12-07-2023 |
| ശ്രീമതി.ഷബീന.ഐ. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-07-2023 | 31-03-2024 |
| ശ്രീ.രവീന്ദ്രൻ | വി.ഇ.ഒ. I- ചാർജ് | 01-04-2023 | 09-07-2023 |
| ശ്രീ.ഷിജു.സി. | വി.ഇ.ഒ. I | 10-07-2023 | 03-09-2023 |
| ശ്രീ.സനിൽകുമാർ.ആർ. | വി.ഇ.ഒ. I (ചാർജ്) | 04-09-2023 | 18-12-2023 |
| ശ്രീ.ഷിജു.സി. | വി.ഇ.ഒ. I | 19-12-2023 | 31-03-2024 |
| ശ്രീ.രവീന്ദ്രൻ | വി.ഇ.ഒ. II | 01-04-2023 | 31-03-2024 |
| ശ്രീമതി.അഞ്ജു.ടി.വേണു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 25-08-2023 |
| ശ്രീ.നാരായണൻ.എം.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 26-08-2023 | 22-12-2023 |
| ശ്രീമതി.ഗിരിജ.സി. | അസിസ്റ്റന്റ് സെക്രട്ടറി | 23-12-2023 | 31-03-2024 |
| ഡോ.വിനോജ്.കെ.വി. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | 01-04-2023 | 25-09-2023 |
| ഡോ.ദീപക് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | 26-09-2023 | 31-03-2024 |
| ഡോ.റൂബി.എച്ച്.എൽ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ആഷ.കെ. | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.സ്മിറ്റി ജോൺസൺ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.റാണി ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.നിതു ത്യാഗരാജ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.ഇബ്രാഹിം | പ്രധാന അധ്യാപകൻ | 01-04-2023 | 05-06-2023 |
| ശ്രീ.രാജേഷ് | പ്രധാന അധ്യാപകൻ | 06-06-2023 | 29-06-2023 |
| ശ്രീമതി.കത്രീനൽ ഹെലൻ | പ്രധാന അധ്യാപകൻ | 30-06-2023 | 31-03-2024 |
| ശ്രീമതി.ഉമൈബ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | ബാങ്കിൽ നിന്നും പിൻവലിക്കാതെ ചെക്കുകൾ റിക്കൺസിലേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു | 1-1-3 |
| 5 | രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തിക്കായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഹെൽത്ത് ഗ്രാന്റ് -AFS, ACR പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ -AFS, ACR പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 20 | വാടകയിനത്തിൽ വരുമാനം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-12 |
| 21 | ലൈസൻസ് പരിശോധന--അപാകതകൾ | 1-13 |
| 22 | ജിംനേഷ്യങ്ങൾക്ക് നിയമാനുസൃതമായി വസ്തുനികുതി നിർണ്ണയിക്കുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. | 1-14 |
| 23 | അനിമൽ ഫാം -- വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 24 | മുഴുവൻ ലൈഫ് ഭവനങ്ങളും -സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടില്ല | 1-16 |
| 25 | പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല- നടപടി വൈകുന്നു | 1-17 |
| 26 | കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടില്ല,കുടിവെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നില്ല | 1-18 |
| 27 | സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-19 |
| 28 | ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-20 |
| 29 | സ്ഥലം വാങ്ങൽ-വസ്തു പോക്കുവരവു നടത്തിയ വിവരം ലഭ്യമല്ല | 1-21 |
| 30 | ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -വിതരണ വിവരം ലഭ്യമല്ല | 1-22 |
| 31 | കോക്ളിയർ ഇംപ്ലാന്റേഷൻ- തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-23 |
| 32 | അങ്കണവാടികളുടെ ഫിറ്റനസ്സ് -ഉറപ്പുവരുത്തേണ്ടതാണ് | 1-24 |
| 33 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ -പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 34 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സർക്കാർ മാർഗ്ഗ നിർദേശപ്രകാരമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് ചെലവഴിച്ചു | 1-26 |

| | | |
|---|---|---|
| 35 | ലൈഫ് മിഷൻ - ഭവന നിർമ്മാണം (Sc) പൂർത്തീകരിച്ചിട്ടില്ല.Phase -3 | 1-27 |
| 36 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 37 | സാമൂഹികാരോഗ്യ കേന്ദ്രം-മെൻസ്ട്രൽ കപ്പ് വിതരണം പദ്ധതി പൂർത്തികരിച്ചിട്ടില്ല. | 1-29 |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 1-30 |
| 39 | മരാമത്ത് പ്രവൃത്തികൾ -അവലോകനം | 1-31 |
| 40 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-32 |
| 41 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-33 |
| 42 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം - കട്ടിൽ വാങ്ങൽ വിതരണവിവരം ലഭ്യമാക്കിയിട്ടില്ല | 1-34 |
| 43 | അഗതി കേരളം പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗിച്ച വിവരം സംബന്ധിച്ച് | 1-35 |
| 44 | വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-36 |
| 45 | യോഗമിനുട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് | 1-37 |
| 46 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ'-അവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ-സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുളള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തരൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15-5-2024 തീയതിയിലെ 5-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21-6-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തരൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,

തീയതി: 11-11-'24

ഡെപ്യൂട്ടിഡയറക്ടർ

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11102649.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -18113334.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്കിൽ നിന്നും പിൻവലിക്കാതെ ചെക്കുകൾ റിക്കൺസിലേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

റിക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്തതായും എന്നാൽ ബാങ്കിൽ നിന്നും പിൻവലിക്കാത്തതായും കാണിച്ചിട്ടുള്ള ചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കാതെ തന്നെ റിക്കൺസിലേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ/തീയതി | തുക (₹) | അപാകത |
|---|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ 654502010007322(Own Fund) | 39934/27.12.2018 | 4500 | 2024ഫെബ്രുവരി മാസത്തെ റികൺസിലേഷൻ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ബാങ്കിൽ നിന്നും പിൻവലിക്കാതെ തന്നെ 2024 മാർച്ച് മാസത്തെ റികൺസിലേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| | 047817/ 01.04.2020 | 2000 | |
| | 051597/ 24.03.2022 | 500 | |
| | 015622/ 26.03.2020 | 1000 | |
| | 056778/ 12.04.2022 | 10000 | |
| | 069226/02.06.2022 | 6898 | |
| | ----/ 29.03.2023 | 1158 | |
| | 906/ 21.04.2024 | 120 | |
| | 5599839/20.12.23 | 66485 | 2023 ഡിസംബർ മാസത്തെ റികൺസിലേഷൻ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ബാങ്കിൽ നിന്നും പിൻവലിക്കാതെ തന്നെ 2024 ജനുവരി |

| | | | |
|---|---|---|---|
| | | | മാസത്തെ റിക്കൺസിലേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് |

**1-1-4 രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.**

ജീവനക്കാരുടെ തൊഴിൽ നികുതി- രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

| ഇനം | അക്കൗണ്ട് ഹെഡ് | അക്കൗണ്ട്സ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| തൊഴിൽ നികുതി (Institution) | വരവ് (RP-1-110200102) | 633230 | 670680 |
| തൊഴിൽ നികുതി (Employees) | ബാലൻസ് (RP-45-431120103) | 0 | 21300 |

**1-1-5 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-6 നിക്ഷേപ പ്രവൃത്തിക്കായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല**

നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി മുഖേന (7/24 -വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ) കെഎസ്ഇബി, പെരിങ്ങോട്ടുകുറിശ്ശിക്ക് തൻവർഷം കൈമാറിയ തുക 82389/- രൂപയുടെ വിനിയോഗവിവരം തൻവർഷം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- Advance To Implementing Agenciesഎന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ഹെൽത്ത് ഗ്രാന്റ് -AFS, ACR പൊരുത്തപ്പെടുന്നില്ല**

Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres – മുന്നിരിപ്പ്, വരവ്. ചെലവ് -AFS, ACR എന്നിവ പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരം ₹ | രജിസ്റ്റർ പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 213370 (2022-23- B-4)<br>215834 (2022-23- R&P Schedule **40-B & 2023-24 വർഷം R&P Schedule 40-A)** | 213370 |
| വരവ് | 394450 | 387000+9914(Int) =396914 |
| ചെലവ് | 312429 | 314893 |
| നീക്കിയിരിപ്പ് | 295391 | 314893 |

**1-1-8 അഡ്വാൻസ് രജിസ്റ്റർ -AFS, ACR പൊരുത്തപ്പെടുന്നില്ല**

AFS പ്രകാരമുള്ള അഡ്വാൻസ് തുകകളും അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് രണ്ടിലേതും തുല്യമാണ്.

| | AFS പ്രകാരം-RP-49 | രജിസ്റ്റർ പ്രകാരം |
|---|---|---|

| | നൽകിയത് | തിരിച്ചു ലഭിച്ചത് | നൽകിയത് | തിരിച്ചു ലഭിച്ചത് |
|---|---|---|---|---|
| Advance To NREGS | 2064823 | --- | 2075935 | 1608559 |
| Advance To Implementing Officers | 377178 | 269405 | 444128 | 269405 |

## 1-2 ബജറ്റ്

21.03.2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 09.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6993503 |
| തൻവർഷം വരവ് | 342529868 |
| ആകെ വരവ് | 349523371 |
| ചെലവ് | 341721681 |
| നീക്കിയിരിപ്പ് | 7801690 |

2022-23 വർഷത്തെ പരിഷ്കരിച്ച ബഡ്ജറ്റ് നീക്കിയിരുപ്പും(4163252) ഉം 2023-24 വർഷത്തെ പരിഷ്കരിച്ച ബഡ്ജറ്റ് മുന്നിരിപ്പും (6993503) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹7724653.91 |
| വരവ് | ₹52495080 |
| ആകെ | ₹60219733.91 |
| ചെലവ് | ₹41392431 |
| നീക്കിയിരിപ്പ് | ₹188 27302.91 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 24134000 | 24134000 | 20766112 | 3367888 |
| വികസനഫണ്ട് എസ്.സി..പി | 0 | 8148000 | 8148000 | 6344887 | 1803113 |
| വികസന ഫണ്ട്-ടിഎസ്പി | 0 | 180000 | 180000 | 0 | 180000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15629150 | 15629150 | 185024 | 15444126 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2607400 | 2607400 | 2421926 | 185474 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക് | 102444 + 53975 * =156419 | 3996000 +122558(Int) =4118558 | 4274977 | 749949 + 160(Bank Charges) =750109 | 3524868 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 4179066 | 2997000 | 7176066 | 2727574 | 4448492 |

* 2022-23 വർഷത്തെ പലിശ വരവ് തുക മുൻവർഷത്തെ ബാലൻസ് ഷീറ്റ് B-4-ൽ ഉൾപ്പെടുത്തിയിട്ടില്ല. R&P Statement RP-40aയിൽ ഉൾപ്പെട്ട തുകയാണ്. 2023-24 വർഷത്തെ Prior Period Income RP-11 -190200401 എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുണ്ട്.

**<u>കേന്ദ്രാവിഷ്കൃതംL</u>**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 552655 | 84000 | 636655 | 84000 | 552655 |
| TSC | 425681 | 0 | 425681 | 0 | 425681 |
| ICDS | 2237229 | 1581202 | 3818431 | 1430721 | 2387710 |
| Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 215834* | 387000 +7450 =394450 | 610284 | 314893 | 295391 |
| Health Grant Towards Support For Diagnostic Infrastructure To The മിPHCs | 194435 | 923000 +15638(Int) =938638 | 1133073 | 48279 | 1084794 |

*Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres -2022-23 വർഷം ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് ₹213370 ആണ്. എന്നാൽ 2023-24 വർഷം R&P Schedule 40-Aപ്രകാരം മുന്നിരിപ്പ് ₹215834/- ആണ്. വ്യത്യാസം 2464പലിശ 3/2023ൽ രസീറ്റ് ചെയ്തതാണ്.

യഥാർത്ഥ ചെലവ് IKM ചെലവു പത്രിക പ്രകാരം ₹314893 ആണ്. എന്നാൽ AFSൽ (I-6) ചെലവ് ₹312429 രൂപയാണ് ചേർത്തിട്ടുള്ളത്.

**<u>2. തൊഴിലുറപ്പു പദ്ധതി</u>**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10573 | 1598290 | 1608863 | 1608863 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 52197066 | 52197066 | 52197066 | 0 |
| ആകെ | 10573 | 53795356 | 53805929 | 53805929 | 0 |

<u>സംസ്ഥാനാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ(ജനറൽ) | 0 | 10660000* | 10660000 | 7460000 | 3200000 |

ലൈഫ് സ്റ്റേറ്റ് ഷെയർ തൻവർഷ വരവ് -₹10660000 ആണ്. AFS പ്രകാരം വരവ് - Head 320100160 -₹9160000 +Head-160100660 -₹1500000= ₹10660000. സ്റ്റേറ്റ് ഷെയർ ബാങ്ക് അക്കൌണ്ട് SBI-67304144395 -ൽ മുന്നിരിപ്പ് പലിശ ₹44283, തൻവർഷ പലിശ ₹76737/- കൂടി ആകെ പലിശ ₹121020കൂടി നീക്കിയിരുപ്പിൽ (R&P Schedule-40-B) ഉൾപ്പെട്ടിട്ടുണ്ട്.

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സാക്ഷരതാ മിഷൻ NILP | 9135 | 7973 | 17108 | 7973 | 9135 |
| കുടുംബശ്രീ | 30000 | 122790 | 152790 | 30000 | 122790 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 188 | 184775655 | 82 | 54611492 | 106 | 43.62 |

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 14036200 | 7311200 | 52.09 |
| വി.ഇ.ഒ. I | 19 | 16 | 94473467 | 25513041 | 27.01 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5 | 8416210 | 4639290 | 55.12 |
| സെക്രട്ടറി | 42 | 21 | 18169518 | 7580298 | 41.72 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 12 | 35023057 | 1760745 | 5.03 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 2709343 | 1222888 | 45.14 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 4 | 2080048 | 1627632 | 78.25 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 0 | 245000 | 0 | |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 3245000 | 1784681 | 55 |
| പ്രധാന അധ്യാപകൻ | 2 | 1 | 950000 | 841633 | 88.59 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 2 | 3957812 | 865500 | 21.87 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1470000 | 1464584 | 99.63 |
| ആകെ | 188 | 82 | 184775655 | 54611492 | 29.56 |

* ചെലവു പത്രികയിൽ ജി.ഒ. പ്രൊജക്ടുകളായ ലൈഫ് (ജനറൽ), ലൈഫ് (എസ്സിപി), ലൈഫ്(ടി.എസ്.പി), അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുടെ ആകെ തുക ₹3009492/- വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10573 | 1598290 | 1608863 | 1608863 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 52197066 | 52197066 | 52197066 | 0 |
| ആകെ | 10573 | 53795356 | 53805929 | 53805929 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6189000 | 668 |
| 2 | വാർദ്ധക്യകാല പെൻഷൻ | 22550600 | 1545 |
| 3 | വികലാംഗ പെൻഷൻ | 4099400 | 414 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 650400 | 80 |
| 5 | വിധവാ പെൻഷൻ | 13093700 | 2578 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2024 തീയതിയിൽ 3.00 P.M. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3337/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ്

തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി യോഗങ്ങളുടെ മിനിട്ട്സുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനുട്ട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2024 ആഗസ്റ്റ് മാസം പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2023-24 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയ ₹184775655യിൽ ₹54611492 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ₹130164163/- രൂപയുടെ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ 5% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെസ്റ്റിനേഷൻ ചാലഞ്ചിന്റെ ഭാഗമായി നടപ്പിലാക്കുന്ന കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് സമയ പരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

12-12-2018 മുതൽ 22-12-2018 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. അതിൻപ്രകാരം 6 പരാമർശങ്ങൾ (IIB-I, II, III, IV, V, VI) തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 10-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 10/2017 മുതൽ 12/2022വരെ 58 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതിയും (ജീവനക്കാർ) സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു.

(I) താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ലൈസൻസ്/ലൈസൻസ് പുതുക്കൽ അപേക്ഷകളിൽ തൊഴിൽ നികുതി ബാധകമായ ജീവനക്കാരുടെ എണ്ണം പരാമർശിച്ചു കാണുന്നുണ്ട്.എന്നാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | നിയ ഗാർമെന്റ്സ് | 5 |
| 2 | സുഭജ എഞ്ചിനീയറിംഗ് വർക്ക്സ്, വെൽഡിംഗ് വർക്ക് ഷോപ്പ് | 6 |
| 3 | ന്യൂ ഹണി മാർട്ട്,സൂപ്പർ മാർക്കറ്റ് | 4 |
| 4 | ജീവൻ യോജനാ ലബോറട്ടറി | 3 |
| 5 | ദയ ഹെൽത്ത്കെയർ&വെൽനസ് സെന്റർ | 3 |
| 6 | മോംസ് ഫുഡ്സ് | 6 |
| | | |

| | | |
|---|---|---|
| 7 | അജ്മൽ ഏജൻസീസ്, രാസവള വിൽപന | 4 |
| 8 | അഫ്സൽ ക്ലിനിക്കൽ ലബോറട്ടറി | 1 |
| 9 | ശ്രീകൃഷ്ണ ക്ലിനിക്കൽ ലബോറട്ടറി | 1 |
| 10 | കാരുണ്യഹൈടെക് ക്ലിനിക്കൽ ലബോറട്ടറി | 1 |

(Ii) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

28.09.2024 തീയതിയിൽ നടന്ന സ്ഥല പരിശോധനയിൽ 15 ാം വാർഡായ അരിയശ്ശേരിയിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു.നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(Iii) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദകസഹകരണ സംഘങ്ങൾ,അക്ഷയ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(Iv) ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

(Iv) ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ദേവദാസനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം 09/24.09.24, 28/28.09.24 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-12 വാടകയിനത്തിൽ വരുമാനം ലഭ്യമാക്കുന്നത് സംബന്ധിച്ച്

19.10.2023 തീയതിയിൽ നടന്ന തരൂർ ഗ്രാമപഞ്ചായത്ത് യോഗത്തിലെ യോഗതീരുമാനം 3(1) പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴമ്പാലക്കോട് ചന്തപ്പുരയിലെ ഗോഡൌൺ ഇ-വേസ്റ്റ് മാനേജ്മെന്റ് പ്രവർത്തനം ആരംഭിക്കുന്നതിന് യുവ സ്കിൽഡ്&അൺസ്കിൽഡ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് തീരുമാനം ആയിട്ടുണ്ട്.പഞ്ചായത്തിന് നിലവിൽ വാടക വരുമാനം ഒന്നും തന്നെ ഇല്ല.തുടർനടപടി വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/26.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സൊസൈറ്റിയുമായി നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടകയിനത്തിൽ വരുമാനം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് പരിശോധന--അപാകതകൾ

2023-2024 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

ഏകീകൃത മാനദണ്ഡങ്ങളില്ലാതെ ലൈസൻസ് ഫീ ഈടാക്കുന്നു.

1. ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017)തിയ്യതി 1.10.2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്ത ഈ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കം സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പ്രകാരമുള്ള പരിഷ്ക്കരിച്ച ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

മൈക്രോ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.മിക്ക ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുമില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെപേര് വാർഡ്/കെട്ടിട നം. | ലൈസൻസ് നല്കിയത് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| എം.സജി | ഐശ്വര്യ ഫാൻസി 16/ 32 | ഫാൻസി സാധനങ്ങളുടെ വിൽപന | 100 |
| ഇസ്മയിൽ | ഷമി സ്റ്റേഷനറി& കൂൾ ബാർ 16/132 | സ്റ്റേഷനറി&കൂൾ ബാർ | 100 |
| നിഷാദ്.കെ.പി | ശ്രീ വത്സം കളക്ഷൻസ് 10/655 | ടെക്സ്റ്റയിൽസ്,ഫാൻസി ഐറ്റം വിൽപന | 300 |
| സി.ശിവദാസൻ | വൈദ്യ രത്നം ആര്യവൈദ്യ ശാല 12/69 | ആയുർവേദ ഉത്പന്നങ്ങളുടെ വിൽപ്പന | 200 |
| അബ്ദുൾ ജബ്ബാർ | ഹൈടെക്ക് ഫർണിച്ചർ ഷോറൂം 12/744 മുതൽ 747 വരെ | ഫർണിച്ചർ വിൽപ്പന | 1000 |
| കെ.കാർത്തികേയൻ | ഷൺമുഖാ സോ മിൽ | തടി അറുത്ത് വിൽപ്പന നടത്തുന്നതിന് | 5000 |

2) 2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന ക്ഷീരോത്പാദകസഹകരണ സംഘങ്ങൾ ലൈസൻസ് എടുത്തതായോ പുതുക്കിയതായോ കാണുന്നില്ല.
1.ചാലുംപുള്ളി ക്ഷീരോത്പാദകസഹകരണ സംഘം
2.പഴമ്പാലക്കോട് ക്ഷീരോത്പാദകസഹകരണ സംഘം
3.മരുതക്കോട് ക്ഷീരോത്പാദകസഹകരണ സംഘം
4.ചിറക്കോട് ക്ഷീരോത്പാദകസഹകരണ സംഘം

3) സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്.
4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസ് എടുത്തിട്ടില്ല.

ഓഡിറ്റ് അന്വേഷണം (10/24.09.24) നൽകിയെങ്കിലും അപാകതകൾക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.
5) ലൈസൻസില്ലാതെ അനിമൽ ഫാം പ്രവർത്തിച്ചു വരുന്നു

07.07.2023 , 19.07.2023 തീയതികളിൽ നടന്ന തരൂർ ഗ്രാമപഞ്ചായത്ത് യോഗങ്ങളിൽ യഥാക്രമം യോഗതീരുമാനം 6,7 പ്രകാരം പഞ്ചായത്തിലെ ഒന്നാം വാർഡിൽ സനാതന അനിമൽ ആശ്രമം എന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിലയിരുത്തുകയും ,നിരവധി തെരുവ് നായ്ക്കളെ സ്ഥാപനത്തിൽ കൊണ്ടു വരുകയും,രാത്രികളിൽ പ്രവർത്തിക്കുകയും ചെയ്യുന്നത് മൂലം ജനങ്ങൾക്ക് ഭീഷണിയുള്ളതിനാൽ സ്ഥലത്തിന്റെ ഉടമസ്ഥനോട് വിശദീകരണം ആവശ്യപ്പെടുന്നതിനും,സ്ഥാപനം അടച്ച് പൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1994 കേരള പഞ്ചായത്തീരാജ് നിയമത്തിലെ 232 വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. 2012 -ലെ കേരള പഞ്ചായത്തീരാജ് (ലൈവ്സ്റ്റോക്ക്ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനം ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ചട്ടലംഘനം ആണ്.മേൽ തീരുമാനങ്ങൾ പ്രകാരം

സ്ഥാപനത്തിന്റെ അനധികൃത പ്രവർത്തനങ്ങളിൻമേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/27.09.24)നൽകിയ മറുപടിയിൽ പ്രകാരം സ്ഥാപനത്തിന് വസ്തുനികുതി,ബാധകമായ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.
സ്ഥാപനത്തിന് പഞ്ചായത്ത് നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും സ്ഥാപന ഉടമയിൽ നിന്നും നാളിതുവരെ യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല. ലൈസൻസില്ലാതെയാണ് അനിമൽ ഫാം പ്രവർത്തിച്ചു വരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. കൂടാതെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കേണ്ടതാണ്

## 1-14 ജിംനേഷ്യങ്ങൾക്ക് നിയമാനുസൃതമായി വസ്തുനികുതി നിർണ്ണയിക്കുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/LSGD തീയതി- 22.03.2023 പ്രകാരവും, ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടിക 05.04.2023 -ലെ സ.ഉ (അച്ചടി) നം.25/2023/LSGD നമ്പർ ഉത്തരവു പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. തരൂർ ഗ്രാമ പഞ്ചായത്തിന്റെ 07.07.2023 ലെ തീരുമാനം നം.2/1 പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 25 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫറ്റ്വെയറിൽ പരിശോധിച്ചതിൽ ഈ ഉപയോഗക്രമത്തിലുള്ള സ്ഥാപനങ്ങളുടെ നമ്പർ ഇടുകയോ വസ്തുനികുതി ചുമത്തുയോ ചെയ്തിട്ടില്ല.

Google Search പ്രകാരം ഗ്രാമ പഞ്ചായത്തിലെ 12 ാം വാർഡായ അത്തിപ്പൊറ്റയിൽ S.G Fitness Club എന്ന ജിംനേഷ്യം പ്രവർത്തിക്കുന്നതായി അറിയാൻ സാധിച്ചു.എന്നാൽ പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ അപേക്ഷകളൊന്നും ലഭിക്കുകയോ ലൈസൻസ് നല്കുകയോ ചെയ്തിട്ടില്ല.മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(16/26.09.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം

1.ഗ്രാമപഞ്ചായത്ത് പരിധിയിൽ Kerala Public Places Of Resort Act, 1963 പ്രകാരം എല്ലാ ജിംനേഷ്യങ്ങൾക്കും ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2.പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന മറ്റു ജിംനേഷ്യങ്ങളെ കണ്ടെത്തുന്നതിനായി ഫീൽഡ് വെരിഫിക്കേഷൻ നടത്തി നികുതി നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനിമൽ ഫാം -- വസ്തുനികുതി ഈടാക്കിയിട്ടില്ല

07.07.2023 , 19.07.2023 തീയതികളിൽ നടന്ന തരൂർ ഗ്രാമപഞ്ചായത്ത് യോഗങ്ങളിൽ യഥാക്രമം യോഗതീരുമാനം 6,7 പ്രകാരം പഞ്ചായത്തിലെ ഒന്നാം വാർഡിൽ സനാതന അനിമൽ ആശ്രമം എന്ന സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിലയിരുത്തുകയും ,നിരവധി തെരുവ് നായ്ക്കളെ സ്ഥാപനത്തിൽ കൊണ്ടു വരുകയും,രാത്രികളിൽ പ്രവർത്തിക്കുകയും ചെയ്യുന്നത് മൂലം ജനങ്ങൾക്ക് ഭീഷണിയുള്ളതിനാൽ സ്ഥലത്തിന്റെ ഉടമസ്ഥനോട് വിശദീകരണം ആവശ്യപ്പെടുന്നതിനും,സ്ഥാപനം അടച്ച് പൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
മേൽ തീരുമാനങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ അനധികൃത പ്രവർത്തനങ്ങളിൻമേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/27.09.24)നൽകിയ

മറുപടിയിൽ സ്ഥാപനത്തിന് വസ്തുനികുതി,ബാധകമായ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്നും നിരവധി തവണ നോട്ടിസ് നൽകിയെങ്കിലും സ്ഥാപന ഉടമയിൽ നിന്നും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.
1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.മേൽപ്പറഞ്ഞ കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചതാണെങ്കിൽ 'യു.എ' നമ്പർ നൽകി കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ പ്രസ്തുത വ്യവസ്ഥ പ്രകാരം നികുതി ഈടാക്കേണ്ടതാണ്.
പ്രസ്തുത കെട്ടിടം അനധികൃതമായി നിർമ്മിച്ചതാകയാൽ മേൽ വ്യവസ്ഥ പ്രകാരം നാളിതുവരെയുള്ള നികുതി ഈടാക്കി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ള്യു വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മുഴുവൻ ലൈഫ് ഭവനങ്ങളും -സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടില്ല

വി.ഇ.ഒ.യുടെ വാച്ച് രജിസ്റ്റർ, വൗച്ചറുകൾ പരിശോധിച്ചതിൽ 2023-24 വർഷങ്ങളിൽ 32 ലൈഫ് മിഷൻ ഭവനങ്ങൾ വീടു പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 32 ഭവനങ്ങളിൽ ഭാഗികമായി മാത്രമെ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ളൂ. ലൈഫ് ഭവനങ്ങൾക്ക് 60ച .മീ വരെയുള്ളവർക്ക് വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല വി.ഇ.ഒ റിപ്പോർട്ട്, രേഖകൾ പ്രകാരം മൂന്ന് ഗുണഭോക്താക്കൾ 60 ച.മീ കൂടുതൽ ച.മീറ്ററിൽ വീടുപണി നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 32 ഗുണഭോക്താക്കളിൽ ആരും തന്നെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ അവസാന ഗഡു നൽകിയിട്ടുമുണ്ട്. ഭവനം പൂർത്തിയാക്കിയ 32 ഗുണഭോക്താക്കൾക്ക് 400000/- വീതം 1,2800000-തുക ചെലവഴിച്ചിട്ടുണ്ട്.

**സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീട്ടു നമ്പർ ലഭ്യമായിട്ടില്ല.**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | റഷിയ | വാർഡ്-9 |
| 2 | ഹാജിറ, | വാർഡ്-6 |
| 3 | സലീന | വാർഡ്-8 |
| 4 | ഗിരിജ മണികണ്ഠൻ | വാർഡ്-4 |
| 5 | ജയലക്ഷമി | വാർഡ്-2 |

ഭവനം പൂർത്തീയാക്കിയ ഗുണഭോക്താക്കൾ "ഒക്യുപൈ " ചെയ്തിട്ടുണ്ടോയെന്നും ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഓഡിറ്റ് അന്വേഷണം (13/25-09-24) ആവശ്യപ്പെട്ടതിൽ പൂർത്തിയാക്കിയ ഭവനങ്ങളുടെ ഫീൽഡ് പരിശോധന നടത്തി വസ്തു നികുതി അസ്സസ്സ് ചെയ്തിട്ടില്ലായെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മുഴുവൻ തുകയും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിക്കുകയും 60 ച .മീ കൂടുതൽ വിസ്തൃതിയിൽ വീടുപണി നടത്തിയിട്ടുണ്ടെങ്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 1-17 പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല- നടപടി വൈകുന്നു

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന 10 എണ്ണം പൊതുടാപ്പുകൾക്ക് പ്രതിമാസം വാട്ടർ ചാർജ്ജിനത്തിൽ 2023-24 ൽ രൂപ 14559/- നിരക്കിൽ കേരള വാട്ടർ അതോറിറ്റി തുക ഡിമാന്റ് ചെയ്യുകയും ഗ്രാമ പഞ്ചായത്ത് കൃത്യമായി അടവാക്കുകയും ചെയ്തു വരുന്നു.6/2021 ൽ പഞ്ചായത്തും, കേരളാ വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിൽ 267 ടാപ്പുകളിൽ 10 പൊതു ടാപ്പുകളായി നിജപ്പെടുത്തുകയും ഉപയോഗശൂന്യമായ 257 എണ്ണം പൈപ്പുകൾ ഒഴിവാക്കുന്നതിന് 356000 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ സെപ്റ്റംബർ2024 മാസത്തെ ഡിമാന്റ് നോട്ടീസിൽ സംയുക്ത പരിശോധന നടത്തിയ തിയ്യതി മുതലുള്ള വെള്ളക്കരം ഡിമാന്റ് ചെയ്തിരിക്കുന്നു .വിശദ വിവരം താഴെ കൊടുക്കുന്നു.

31.08.24വരെ അടവാക്കേണ്ട കുടിശ്ശിക-1012629/-

ഫൈൻ - 19863/-

തൻ മാസ ഡിമാന്റ് -12133/-

ആകെ-1044625/-

പൊതുടാപ്പുകൾ വിച്ഛേദിക്കാൻ കേരള വാട്ടർ അതോറിറ്റിയിൽ 2021 ൽ തുക അടവാക്കിയിട്ടും നിലവിലും ഡിമാന്റ് ചെയ്യുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം , നിലവിലെ സ്ഥിതി എന്നിവ എന്നിവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്.(22/26.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരം സത്വരം എടുത്ത് അറിയിക്കേണ്ടതാണ്

## 1-18 കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടില്ല,കുടിവെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നില്ല.

2023-24 വർഷം പഞ്ചായത്തിന്റെ തനത് ആസ്തിയിലുൾപ്പെട്ട 10 കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിന് ( ഇലക്ട്രിസിറ്റി ചാർജസ്,മെയിന്റനൻസ്) പ്രതിമാസം ഭീമമായ തുക ചെലവഴിച്ചുവരുന്നു.

ഗ്രാമ പഞ്ചായത്ത് നേരിട്ടു നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിപേര് |
|---|---|
| 1 | കുരുത്തിക്കോട് കുടിവെള്ള പദ്ധതി |
| 2 | മരുതക്കാട് കുടിവെള്ള പദ്ധതി |
| 3 | ചേരിക്കൽ കുടിവെള്ള പദ്ധതി |
| 4 | തോട്ടിൻപള്ള കുടിവെള്ള പദ്ധതി |
| 5 | കുന്നിൻപുറം കുടിവെള്ള പദ്ധതി |
| 6 | പഴമ്പാലക്കോട് കുടിവെള്ള പദ്ധതി |
| 7 | പഴമ്പാലക്കോട് ഗ്രാമം കുടിവെള്ള പദ്ധതി |
| 8 | നെല്ലുകുത്താംകുളം കുടിവെള്ള പദ്ധതി |
| 9 | I) അരിയശ്ശേരി കുടിവെള്ള പദ്ധതി Con. No. 23874 |
| | Ii) അരിയശ്ശേരി കുടിവെള്ള പദ്ധതി Con. No. 22127 |

| | |
|---|---|
| 10 | തരൂർ കുടിവെള്ള പദ്ധതി |

സാമ്പത്തിക വർഷം മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മാത്രം 1423663 രൂപ ചെലവഴിച്ചിട്ടുണ്ട്. . കൂടാതെ പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾക്കായി തനത് ഫണ്ടിൽ നിന്നും തുകകൾ ചെലവഴിക്കുന്നുണ്ട്. തൻ വർഷത്തെ ചെലവ് വിശദാംശം താഴെ കൊടുക്കുന്നു

| | |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് | 1423663 |
| കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ റിപപ്യർ(140/24) | 286308/- |
| പൈപ്പ് ലൈൻ മെയിന്റനൻസ്(79/24) | 48265/- |
| | 1758236/- |

മേൽ ചെലവ് കൂടാതെ 6 പമ്പ് ഓപ്പറേറ്റർമാരുടെ പ്രതിമാസ വേതനമായി 55800 (9300 X 6) രൂപ ചെലവ് വരുന്നു മേൽ പറഞ്ഞ ചെലവുകൾക്കനുസൃതമായി വെള്ളക്കരം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കാത്തതായി കാണുന്നു.

31.03.24ൽ വാർഷികധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാനുള്ള വെള്ളക്കര കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

Receivable Water Charges For Current-388640/-

Receivable Water Charges For Arrear-1585650/-

പഞ്ചായത്ത് നടപ്പിലാക്കുകയും, നേരിട്ടു പരിപാലിക്കുകയും ചെയ്യുവരുന്ന കുടിവെള്ള പദ്ധതികൾ തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് 19.4.2022 ലെ സ.ഉ. (സാധാ) നം.1275/2009/ ത.സ്വ.ഭ.വ, ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ടി സ്കീമുകളുടെ നടത്തിപ്പ്, മെയിന്റനൻസ് എന്നിവ ഗുണഭോക്തൃസമിതികൾ വഹിക്കേണ്ടതാണെന്നും ആയത് തികയാതെ വരുന്ന സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, മെയിന്റനൻസ് എന്നിവ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുവാനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ,വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/26.10.24) മറുപടി ലഭ്യമാക്കിട്ടില്ല.ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് വിട്ടു നൽകേണ്ടതാണ്

## 1-19 സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല

തൻ വർഷം തനതുഫണ്ട് ചെലവ് പരിശോധനയിൽ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട അനേകം കേസുകൾ നിലനിൽക്കുന്നതായി കാണുന്നു. കേസ് സംബന്ധമായി വക്കീൽഫീസിനത്തിൽ ചെലവുകൾ കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു

| വൗച്ചർ നം, തിയ്യതി | തുക | ഇനം |
|---|---|---|
| 22300149/04.05.23 | 30000 | ലീഗൽ ഫീ, Adv. അനൂപ്. വി (WPC(C)22733/22, WPC(C)13528/21 |
| 22300182/17.05.23 | 15000 | ലീഗൽ ഫീ, Adv. അനൂപ് .വി, CASE NO-821/19 |
| 22300185/17.05.23 | 22500 | ലീഗൽ ഫീ, Adv. അനൂപ്. വി, (WPC(C)4031/23, WPC(C)32589/22 WPC31782/22 |
| | | |

| | | |
|---|---|---|
| 22300149/04.05.23 | 10000 | ലീഗൽ ഫീ, Adv.അനൂപ് .വി |

മേൽ പറഞ്ഞവ കൂടാതെ അനവധി കേസുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഓരോ കേസിന്റെയും നിലവിലെ പൊസിഷൻ, ഹിയറിംങ്ങ് വിവരങ്ങൾ, കേസ് വിവരങ്ങൾ എന്നിവ ഉൾകൊള്ളുന്ന സ്യൂട്ട് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചു കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (33/01.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കേസിന്റെ വിവരങ്ങൾ തൽസ്ഥിതി വിവരങ്ങൾ അറിയുന്നതിന് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കാൻ വേണ്ട നടപടികളെടുക്കേണ്ടതാണ്.

## 1-20 ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിലും ഒരു വിനോദ സഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുതിനായി ടൂറിസം വകുപ്പ് തുടക്കമിടുന്ന പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചാലഞ്ച്. പദ്ധതിയുടെ ചെലവ് ടൂറിസം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് നിർവഹിക്കുന്നത്. തദ്ദേശീയ ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിനൊപ്പം ഈ മേഖലയിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുമായി വിനോദ സഞ്ചാര പ്രവർത്തനങ്ങളെ കൂട്ടിയിണക്കി കേരളത്തിൽ സമഗ്ര വികസനത്തിനു വഴിയൊരുക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.(സ.ഉ(കൈ) നം.24/2021/ടൂറിസം,21.12.21,സ.ഉ(കൈ) 5//2022/ ടൂറിസം,22.02.22) .14.10.22തിയ്യതിയിൽ നടന്ന ജില്ലാ ഇവാലേഷൻ കമ്മിറ്റിയിൽ പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച കാരമല ചിൽഡ്രൻസ് & അഡ്വഞ്ചറസ് പാർക്ക് ഇൻ കാരമല (വാർഡ് 11) എന്ന പദ്ധതിക്ക് വിനോദ സഞ്ചാര ഡയറക്ടറുടെ 17.12.22 തിയ്യതിയിലെ ഉത്തരവ് നം P519885/2022 ഉത്തരവ് നം അനുസരിച്ച് 83500000/- ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതു പ്രകാരം തരൂർ ഗ്രാമ പഞ്ചായത്ത് തൻ വർഷം രണ്ടു പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു

### 1)ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക്-നിർമ്മാണം

പ്രൊജക്റ്റ് നം - 86/24

അടങ്കൽ - 8350000/-(ധനകാര്യ കമ്മീഷൻ അവാർഡ്-3350000/-+ ടൂറിസം വകുപ്പ്- 5000000/-)

ചെലവ് -0

17.12.22 തിയ്യതിയിലെ ഉത്തരവ് നം P519885/2022 ഭരണാനുമതി ഉത്തരവ് നം അനുസരിച്ച് പദ്ധതിയുടെ ആകെ ചെലവിൽ വിനോദ സഞ്ചാര വകുപ്പിന്റെ പരമാവധി വിഹിതം 5000000/-(50ലക്ഷം) രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം 3350000/- രൂപയും ആണ് തൻ വർഷം ചെലവ് നടത്തിട്ടില്ല. 25.04.2023തിയ്യതിയിലെ 20(2) ഭരണ സമിതി തീരുമാന പ്രകാരം പ്രസ്തുത പദ്ധതി ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുത്ത് പദ്ധതി നിർവഹണം നടത്തുന്നതിന് നിർമ്മിതി കേന്ദ്ര പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം നിർമ്മിതി കേന്ദ്രയുമായി കരാർ വച്ചിട്ടുണ്ട്. (കരാർ നം 41/23-24/Nirmithi) തുടർന്ന് നിർമ്മിതി കേന്ദ്രയിൽ നിന്നുള്ള ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രയുടെ എസ്റ്റിമേറ്റ് പ്രകാരം അഡ്വഞ്ചറസ് പാർക്ക് എക്യൂപ്പ്മെന്റ് , ചിൽഡ്രൻസ് പാർക്ക് എക്യൂപ്പ്മെന്റ് എന്നിവ സ്ഥാപിക്കൽ ചുറ്റുമതിൽ, ഡ്രൈനേജ്,സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിക്കൽ വർക്ക്, Walk Away With Interlock Work, Side Protection ,Earth Filling ,Fencing Work,Landscape ,Garden,Pod Side Work, Retaining Wall And Ramp With Hand Rail Work എന്നീ പ്രവൃത്തികളാണ് ചെയ്യുന്നത്. നിർമ്മിത് കേന്ദ്രയുമായി ചമച്ച കരാർ നം. 41/23-24 Dt.11-12-2023 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 10 മാസമാണ്. 25.01.2024ലെ കരാർ നം 48/23-24പ്രകാരം മേൽ പ്രവർത്തികൾ പൂർത്തികരിക്കാനുള്ള തിയ്യതി 31.07.24ആയി ദീർഘിപ്പിച്ചുകൊണ്ട് സപ്ളിമെന്ററി

കരാർ വച്ചിട്ടുണ്ട്. പ്രവൃത്തിക്ക് DPR തയ്യാറാക്കിയിരിക്കുന്നത് CEARTH ,ചെമ്പൂക്കാവ് ,തൃശ്ശൂർ ആണ്. ഇതു സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം താഴെ കൊടുക്കുന്നു

1) പദ്ധതിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജീനിയർ മുഖാന്തിരം വിശദമായ എസ്റ്റിമേറ്റ് സഹിതം 07.07.23 ലെ വിനോദ സഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്കയച്ച കത്തിൽ പറയുന്നു. ഈ പദ്ധതിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിച്ച വിവരം ഫയലിൽ ഇല്ല. ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2) 17.12.22 തിയ്യതിയിലെ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം P519885/2022 ക്രമ നം 6 വ്യവസ്ഥ പ്രകാരം പദ്ധതി പുരോഗതി റിപ്പോർട്ട് ടൂറിസം വകുപ്പിന് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ആയത് നൽകിയതായി കാണുന്നില്ല

3)മേൽ ഉത്തരവിലെ കരാർ വ്യവസ്ഥകൾ 9അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിച്ച ശേഷമേ വിനിയോഗ പത്രത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ വിഹിതം അനുവദിക്കുകയുള്ളു എന്ന് പറയുന്നു. പദ്ധതി പൂർത്തീകരണ കാലവധി 12മാസമായിരിക്കും എന്ന് ഉത്തരവ് 11 ൽ വ്യവസ്ഥ ചെയ്യുന്നു.2022 ഭരണാനുമതി ലഭ്യമായിട്ടും പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടില്ല

4)നിർമിത കേന്ദ്രയുമായി കരാർ വച്ചതിൽ പ്രവൃത്തി പൂർത്തീകരണം വൈകുന്ന അവസരത്തിൽ സ്വീകരിക്കുന്ന നടപടികൾ, ഈടാക്കേണ്ട പിഴ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

5)നിർമ്മിതി കേന്ദ്രയെ പി.എം.സി ആയാണോ നോൺ പി.എം.സി ആയാണോ ചുമതല ഏൽപ്പിച്ചതെന്ന് വ്യക്തമല്ല. സ.ഉ(പ്രി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല

6)കേരള ഫിനാൻസ് ആക്റ്റ് 2018 പ്രകാരം മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1-4-2018 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ വീതം സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200 രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി പരിമിതപ്പെടുത്തിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രയുമായി 200 രൂപയുടെ മുദ്ര പത്രത്തിലാണ് കരാർ വച്ചിരിക്കുന്നത്. ടി പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല .അതു പ്രകാരം 8350000/-രൂപക്ക് 8350 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ വയ്ക്കേണ്ടത്. അതു പ്രകാരം സർക്കാരിന് 8150( 8350-200=8150)രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്

7)പൊതു വ്യവസ്ഥകൾ 5(4) അനുസരിച്ച് നിർമ്മാണ പ്രവത്തിയുമായി ബന്ധപ്പെട്ട് ടെണ്ടർ,ഈ-ടെണ്ടർ നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല

8)നിർദിഷ്ട പ്രദേശം വെള്ളപൊക്കം ഭീഷണി ഇല്ലാത്തതും നിർമ്മാണ പ്രവർത്തനങ്ങള് പ്രകൃതി സൗഹൃദവുമായിരിക്കണമെന്നതിനാൽ പ്രകൃതി ദുരന്ത സാധ്യതാ പ്രദേശമാണോ എന്ന് സാധ്യതാ പഠനം നടത്തിയ വിവരം ലഭ്യമല്ല

9)ഗൈഡ് ലൈൻസ് 6 അനുസരിച്ച് പാർക്ക് നിർമ്മിക്കാനുദേശിക്കുന്ന സ്ഥലത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്,ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നുള്ള (ഫോറസ്റ്റ്,റവന്യൂ വകുപ്പ്) നിരാക്ഷേപ സാക്ഷ്യപത്രം(Noc) എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

10)മാർഗ്ഗ നിർദേശങ്ങൾ 14 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ടൂറിസം വകുപ്പുമായി കരാർ വച്ചിട്ടില്ല

11) മാർഗ്ഗ നിർദേശങ്ങൾ 15 അനുസരിച്ച് അഡ്മിനിസ്ട്രേഷൻ സാങ്ഷൻ കിട്ടി പദ്ധതി പൂർത്തികരണം 18 മാസത്തിൽ അധികരിക്കരുതെന്ന് നിർദേശിക്കുന്നു. ആയത് പാലിച്ചിട്ടില്ല

12)പദ്ധതിക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് വാങ്ങിയതായി കാണുന്നില്ല(മാർഗ്ഗ നിർദേശങ്ങൾ (5 ))

13)നിർദിഷ്ട സ്ഥലം ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നവയാണോ ,വ്യക്തത രുത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല

14) പദ്ധതി പ്രദേശത്തുനിന്ന് ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും പരിപാലനത്തിനുമായി വിനിയോഗിക്കുന്നതു സംബന്ധിച്ച് ബിസ്സിനസ്സ് പ്ളാൻ തയ്യാറാക്കി സമർപ്പിക്കാൻ മാർഗ്ഗ നിർദേശങ്ങൾ 8 ആവശ്യപ്പെടുന്നു.ആയത് ലഭ്യമല്ല

15) സ.ഉ(പി)നം.67/21/ഫിൻ തിയതി 28-04-2021 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികൾക്കുള്ള മാർഗ്ഗരേഖയിലെ ഖ. 13.3 പ്രകാരം നേരിട്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്ന ഏജൻസികൾക്ക് പ്രവൃത്തിയുടെ മൂല്യത്തിന്റെ 20% മാത്രമാണ് മുൻകൂർ നൽകാവുന്നത്. തുടർന്നുള്ള പാർട്ട് ബില്ലുകളിൽ നിന്നും ആനുപാതിക അടിസ്ഥാനത്തിൽ തുക കുറവു ചെയ്യേണ്ടതുമാണ്. നിർമ്മിതി കേന്ദ്രയുമായി ചമച്ച എഗ്രിമെന്റിൽ തുക കൈമാറുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറിയുടെയും ഓഡിറ്റ് ഓഫീസറുടെയും നേതൃത്വത്തിൽ നടന്ന പ്രസ്തുത സ്ഥലപരിശോധനയിൽ പാർക്ക് നിർമ്മാണം നടന്നതായി കാണുന്നില്ല. എം.ജി.എൻ ആർ.ഇ.ജി.എസ് ന്റെ നേതൃത്വത്തിൽ സൈറ്റ് വൃത്തിയാക്കുന്നതാണ് കണ്ടത്.ചിത്രം താഴെ കൊടുക്കുന്നു



പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി വിവര റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 4/24.09.24 മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

**2)ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് ടോയ്‌ലറ്റ് നിർമ്മാണം**

പ്രൊജക്ട് നം - 204/24

അടങ്കൽ - 1050000/-

ചെലവ് -600000/- 406/31.03.24

ഫണ്ട് ഇനം- ബ്ളോക്ക് പഞ്ചായത്ത് വിഹിതം
നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
തൻ വർഷം ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല ,കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. തരൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചാലഞ്ച് കാരമല , കുട്ടികളുടെ പാർക്ക് സാഹസിക പാർക്ക് പ്രവൃത്തിയുടെ ഭാഗമായി ടോയ്‌ലറ്റ് നിർമ്മാണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് 10,00000 രൂപ ബ്ളോക്ക് വിഹിതവും 50000 ഗ്രാമ പഞ്ചായത്ത് വിഹിതവുമുൾപ്പെടുത്തി നിർമ്മിതി കേന്ദ്രത്തിനാണ് പ്രവൃത്തി നൽകിയിരിക്കുന്നത്.
സാഹസിക പാർക്ക് നിർമ്മിക്കുന്നതിന് പദ്ധതി അടങ്കൽ തുക 8350000/- പദ്ധതിയിലെ ടോയ്‌ലറ്റ് നിർമ്മിക്കുവാൻ 10,00000/- ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പദ്ധതി റിവിഷൻ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടോയ്‌ലറ്റ് നിർമ്മാണം കൂടി നിർമിതി കേന്ദ്രക്കു നൽകാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. 06.12.2023 തിയ്യതിയിലെ കത്ത് നം എസ്.സി. 03.5289/23 പ്രകാരം എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനു മാത്രമുള്ള എസ്റ്റിമേറ്റ് 14.12.23 തിയ്യതിയിൽ (2023/23617) തയ്യാറാക്കിയിട്ടുണ്ട്. അതു പ്രകാരം ടോയ്‌ലറ്റ് നിർമ്മാണത്തിന് 10,00000/- എസ്റ്റിമേറ്റ് തുക നിശ്ചയിച്ചിട്ടുണ്ട്. തുടർന്ന് നിർമ്മിതി കേന്ദ്ര പാലക്കാടുമായി കരാർ വച്ചിട്ടുണ്ട്.(കരാർ നം 48/23-24/Nirmithi).പ്രസ്തുത പ്രവൃത്തി പൂർത്തികരിച്ച വിവരം(കമ്പ്ളീഷൻ സർട്ടിഫിക്കറ്റ്) ലഭ്യമാക്കിയിട്ടില്ല.ഇതു

സംബന്ധിച്ച പ്രാദേശിക പരിശോധനയിൽ ടോയ്ലറ്റ് നിർമ്മാണം പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.ചിത്രം താഴെ കൊടുക്കുന്നു.



പാർക്ക് നിർമ്മാണത്തിന്റെ അനുബന്ധപ്രവൃത്തിയായി ചെയ്യേണ്ട ടോയ്ലറ്റ് നിർമ്മാണത്തിന് തുക നൽകുകയും പാർക്ക് നിർമ്മാണത്തിനുള്ള ആരംഭ പ്രവൃത്തി തുടങ്ങിയിട്ടില്ല അപാകതകൾ പരിഹരിച്ച് സർക്കാർ മാർഗ്ഗ നിർദേശമനുസരിച്ച് നിർമ്മാണ പ്രവൃത്തി പൂർത്തികരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**1-21 സ്ഥലം വാങ്ങൽ-വസ്തു പോക്കുവരവു നടത്തിയ വിവരം ലഭ്യമല്ല**

2023-24 വർഷം തനതുഫണ്ട് ചെലവ് പരിശോധിച്ചതിൽ വൗച്ചർ നം 22300308/23.06.23 പ്രകാരം സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ആധാരം എഴുത്തുകൂലിയായി 2000/-രൂപ നൽകിയതായി കാണുന്നു. ഉമ്മർ ,പുതിയങ്കം ,ആലത്തൂർ എന്ന വ്യക്തി ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിൽ 22.11.2022 തിയ്യതിയിൽ 2022ൽ 1 ാം പുസ്തകം 5ാം നമ്പർ 6ാം താൾ 4525 നമ്പറായി 0.0121ഹെക്ടർ സ്ഥലം ദാനാധാരമായി ഗ്രാമപഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തിരിക്കുന്നു. ലഭ്യമായ വസ്തു പോക്കുവരവു നടത്തിയതിന്റെയും ലാൻഡ് ടാക്സ് അടച്ചതിന്റെയും വിവരം, ആസ്തി രജിസ്റ്ററിൽ ഈ സ്ഥലം ഉൾപ്പെടുത്തിയ വിവരം എന്നിവ അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/01.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് വസ്തു പൂർണ്ണമായും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

**1-22 ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -വിതരണ വിവരം ലഭ്യമല്ല**

പ്രൊജക്ട്- 142/24,ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ

അടങ്കൽ- 100000/-

ചെലവ്-99465/-

ബിൽ നം-5/04.07.23-68850/-

21/16.01.24-30615/-

ഫണ്ട്-വികസന ഫണ്ട് ജനറൽ
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ എന്ന പദ്ധതിക്കു വേണ്ടി താഴെ ചേർക്കുന്ന സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| **ബിൽ നം 5/04.07.23-68850/-** | | | | | |
|---|---|---|---|---|---|
| ക്രമ നം | ഉപകരണങ്ങൾ | ഇൻവോയ്സ് നം,തിയ്യതി | തുക | വാങ്ങിയ സ്ഥാപനം | എണ്ണം |
| 1 | ക്രിക്കറ്റ് ബാറ്റ് | 1455/22-23, 20.03.23 | 21420/- | ഷാർപ്പ് ഫിറ്റനെസ്സ് ഷോപ്പ് | 15 No |
| 2 | Football Cosco Milano | T/22-23/372, 28.02.23 | 13829/- | നൈന സ്പോർട്സ് | 15 No |
| 3 | Volly Balls Nivia | 163/01.03.23 | 6000/- | യാശു എൻജിനിയർ പ്രൈവറ്റ് ലിമിറ്റഡ് | 15 No |
| 4 | Badminton Racket Lining | 62/01.03.23 | 20250/- | യാശു എൻജിനിയർ | 30 No |

| | | | | | |
|---|---|---|---|---|---|
| | | | | പ്രൈവറ്റ് ലിമിറ്റഡ് | |
| 5 | Vickey Tennis Ball | 568/02.03.23 | 7350/- | ഒമേഗ ഏജൻസീസ് | 105 No |
| **ബിൽ നം-21/16.01.24-30615/-** | | | | | |
| 6 | Volleyball Net 10mtr | 4553/02.03.23 | 5925/- | കുബേർ എന്റർപ്രൈസസ് | 15 No |
| 7 | Badminton Shuttle Cock | 164/01.03.23 | 12975/- | യാശു എൻജിനിയർ പ്രൈവറ്റ് ലിമിറ്റഡ് | 75 No |
| 8 | Badminton Net | 391/02.03.23 | 7815/- | പിരമിഡ് സെയിൽസ് | 15 No |
| 9 | Sports & Gym Kit | 716/06.03.24 | 3900/- | പാഹൽ ഇന്റർ നാഷണൽ | 15 No |

രേഖകൾ പരിശോധിച്ചതിൽ 11 രജിസ്റ്റേർഡ് ക്ലബുകൾ സ്പോർട്സ് കിറ്റിനായി അപേക്ഷിച്ചിട്ടുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ ക്ലബുകൾക്ക് വിതരണം നടത്തിയ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻകായറിക്ക് 5/23.09.24 മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

**1-23 കോക്ളിയർ ഇംപ്ലാന്റേഷൻ- തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല**

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 1 | 78/24 സാമൂഹിക സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം | 50000 വികസന ഫണ്ട് ജനറൽ | 50000- | 10/29.07.23 |

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

കോക്ളിയർ ഇംപ്ലാന്റേഷൻ സർജറിക്കു വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് (A/C No -701011400000134) 50000/-രൂപ നൽകിയിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ മേൽ തുക അസീമു ഷഹാൻ .എസ്, S/O ഷംനാസ് , കുണ്ടുകാട് ,വാവുള്ള്യാപുരം എന്ന വ്യക്തിക്ക് നൽകുന്നതിനാണ്തുക കൈമാറിയിരിക്കുന്നത്. ഗുണഭോക്താവിന് തുക ലഭ്യമായോ എന്ന വിവരവും സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായ വിവരം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻകായറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(6/23.09.24). വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-24 അങ്കണവാടികളുടെ ഫിറ്റനസ്സ് -ഉറപ്പുവരുത്തേണ്ടതാണ്**

ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകളിൽ തരൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 25 അംഗണ വാടികളുടെ ഫിറ്റ്നസ്സ് 2023-24 വർഷം പരിശോധിച്ചിട്ടുണ്ട്.എൽ.എസ്.ജി.ഡി.സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് റിപ്പോർട്ടു നൽകിയതിൽ താഴെ പറയുന്ന അംഗണവാടികൾ ഫിറ്റ്നസ്സ് ഇല്ലാത്തതായി കാണുന്നു.

1)കുരുതിക്കോട് അങ്കണവാടി (Centre No 80)

2)പേരപ്പെട്ടി അങ്കണവാടി (Centre No 87)

3)ചിറക്കോട് അങ്കണവാടി (Centre No 89)

മേൽ സൂചിപ്പിച്ച അംഗണവാടികൾ ഫിറ്റ്നസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ . മതിയായ സൗകര്യങ്ങളോടുകൂടി സുരക്ഷിതമായ സ്ഥലത്ത് അങ്കണവാടി പ്രവർത്തിക്കാൻ നടപടികളെടുത്തവിവരം എന്നിവ അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/01.10.24) മറുപടി ലഭ്യമാക്കിയില്ല.തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ 31055/സി.ഡി.2/2011/ ത.സ്വ.ഭ.വ സർക്കുലറിലെ ക്രമ നം 3അനുസരിച്ച് അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കെട്ടിടത്തിന്റെ ഫിറ്റ്നസ്സ് ഉറപ്പാക്കാൻ നിർദേശിക്കുന്നു. ഫിറ്റനസ്സ് ഇല്ലാത്ത അങ്കണവാടികൾ സുരക്ഷിതമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റിപ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ -പൂർത്തീകരിച്ചിട്ടില്ല.

2023-24 സാമ്പത്തിക വർഷം ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിനു ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

1.ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ) Phase -3

| പ്രൊജക്ട് | 68/24 | 128/24 | 132/24 |
|---|---|---|---|
| അടങ്കൽ | 4,1200000 | 9200000 | 1720000 |
| ചെലവ് | 1,1806800 | 920000- | 200000 |

2023-24 എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളിൽ 51 ഗുണഭാക്താക്കളിൽ 31 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിവിധ ബില്ലുകൾ പ്രകാരം താഴെ പറയുന്ന തീയ്യതികളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ, തീയ്യതി, | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|
| 1 | ശരണ്യ, വാർഡ്-6 | 6/17-10-23,<br>15/03-01-24<br>193162/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 2 | സരിത,വാർഡ്-7 | 6/17-10-23<br>22/27-01-24<br>193164/26-03-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 3 | സെബീന,വാർഡ്-13 | 6/17-10-23<br>22/27-01-24<br>193167/23-07-24 | 40000<br>80000<br>100000 | 180000 |
| 4 | സുഹറ, വാർഡ്-1 | 7/31-10-23<br>193164/26-03-24<br>5/27-06-24 | 40000<br>100000<br>160000 | 100000 |
| 5 | സജിത, വാർഡ്-7 | 7/31-10-23<br>16/03-01-24<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 6 | യശോദ, വാർഡ്-5 | 7/31-10-23 | 40000 | 100000 |

| | | | | |
|---|---|---|---|---|
| | | 16/03-01-24<br>193161/28-02-24<br>5/27-06-24 | 80000<br>100000<br>80000 | |
| 7 | അജിത, വാർഡ്-16 | 7/31-10-23<br>11/29-12-23<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 8 | മഞ്ജുഷ,വാർഡ്-3 | 7/31-10-23<br>15/03-01-24<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 9 | അജിത, വാർഡ്-5 | 7/31-10-23<br>11/29-12-23<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 10 | ദേവകി, വാർഡ്-2 | 7/31-10-23<br>193161/28-02-24<br>5/27-06-24 | 40000<br>100000<br>80000 | 180000 |
| 11 | കവിത, വാർഡ്-3 | 11/29-12-23<br>193161/28-02-24<br>5/27-06-24 | 40000<br>100000<br>160000 | 100000 |
| 12 | മനൂജ, വാർഡ്-6 | 11/29-12-23<br>17/03-01-2024<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 13 | കാഞ്ചന, വാർഡ്-3 | 11/29-12-23<br>17/03-01-2024<br>193161/28-02-24<br>5/27-06-24 | 40000<br>80000<br>100000<br>80000 | 100000 |
| 14 | ആമിനകുട്ടി, വാർഡ്-3 | 11/29-12-23<br>193165/2-07-24 | 40000<br>100000 | 260000 |
| 15 | ബേബി,വാർഡ്-13 | 11/29-12-23<br>21/27-01-24<br>193161/28-02-24 | 40000<br>80000<br>100000 | 180000 |
| 16 | അംബിക , വാർഡ്-9 | 11/29-12-23<br>7/24-07-24 | 40000<br>80000 | 180000 |

| | | | | |
|---|---|---|---|---|
| | | 193161/28-02-24 | 100000 | |
| 17 | സദ്ദത്തുത് ബീവി, വാർഡ്-5 | 11/29-12-23<br>7/24-07-24<br>193161/28-02-24 | 40000<br>80000<br>100000 | 180000 |
| 18 | പ്രഭാവതി,വാർഡ്-16 | 11/29-12-23<br>7/24-07-24<br>193161/28-02-24 | 40000<br>80000<br>100000 | 180000 |
| 19 | ലത,വാർഡ്-16 | 11/29-12-23<br>21/27-01-24<br>193165/28-02-24 | 40000<br>80000<br>100000 | 180000 |
| 20 | ഗീത, വാർഡ്-15 | 11/29-12-23<br>193165/28-02-24 | 40000<br>100000 | 260000 |
| 21 | പ്രേമ,വാർഡ്-12 | 11/29-12-23<br>7/24-07-24<br>193161/28-02-24 | 40000<br>80000<br>100000 | 180000 |
| 22 | ജാനകി ,വാർഡ്-3 | 11/29-12-23<br>17/03-01-24<br>193163/14-03-24 | 40000<br>80000<br>100000 | 180000 |
| 23 | സജിത,വാർഡ്-16 | 11/29-12-23<br>7/24-07-24<br>193161/28-02-24 | 40000<br>80000<br>100000 | 180000 |
| 24 | യശോദ, വാർഡ്-11 | 11/29-12-23<br>19/04-01-24<br>193165/2-07-24 | 40000<br>80000<br>100000 | 180000 |
| 25 | ബിന്ദു , വാർഡ്-7 | 16/03-01-24<br>193164/2-07-24 | 40000<br>100000 | 260000 |
| 26 | സലീന, വാർഡ്-8 | 16/03-01-24<br>193168/07-08-24<br>21/27-01-2024 | 40000<br>100000<br>80000 | 180000 |
| 27 | സത്യഭാമ,വാർഡ്-9 | 16/03-01-24<br>19/04-01-24<br>193165/2-07-24 | 40000<br>80000<br>100000 | 180000 |

| | | | | |
|---|---|---|---|---|
| 28 | സുലേഖ, വാർഡ്- | 16/03-01-24<br>21/27-01-24<br>193164/2-07-24<br>7/24-07-24 | 40000<br>80000<br>100000<br>80000 | 100000 |
| 29 | ഗിരിജ, വാർഡ്- | 16/03-01-24<br>193165/2-07-24 | 40000<br>100000 | 260000 |
| 30 | കവിത, വാർഡ്-6 | 20/20-01-24<br>193166/2-07-24 | 40000<br>100000 | 260000 |
| 31 | രാമൻ , വാർഡ്-10 | 20/20-01-24<br>193166/2-07-24 | 40000<br>100000 | 260000 |

ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (7/24-09-24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ പട്ടികയിൽ സൂചിപ്പിച്ച ഭൂരിഭാഗം ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിന്റെ അവസാനം ഘട്ടത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-26 തെരുവു വിളക്കുകളുടെ വൈദ്യൂതി ചാർജ്ജ് സർക്കാർ മാർഗ്ഗ നിർദേശപ്രകാരമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് ചെലവഴിച്ചു</u>

2023-24 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിനിയോഗിച്ച് തെരുവു വിളക്കുകളുടെ വൈദ്യൂതി ചാർജ്ജ് അടവാക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് അടവാക്കൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം.പേര് | So138/24, തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് അടവാക്കൽ |
| അടങ്കൽ | 313737 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 313737/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നമ്പർ / തീയതി | 300/12.02.24- 313737/- |

മെയിന്റനൻസ് ഗ്രാന്റ് പുതുക്കിയ സർക്കാർ മാർഗ്ഗരേഖ നം സ.ഉ.(കൈ) 90/2023/LSGD തിയ്യതി 09-04-2023- അനുസരിച്ച് ഖണ്ഡിക നം 2.6.(1) ൽ ഇളവ് നൽകിയിട്ടുള്ള ഇനങ്ങൾ ഒഴികെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള തനത് സ്ഥാപനങ്ങളുടെയോ തനത് ആസ്തികളുടെയോ ആവശ്യങ്ങൾക്കായി നോൺ റോഡ് മെയിന്റനന്സ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല . ഈ ഉത്തരവിലെ ഖണ്ഡിക നം 2.7 .ൽ പ്രതിപാദിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട ഇനങ്ങൾക്ക് നോൺ റോഡ് മെയിന്റനന്സ് ഫണ്ട് വിനിയോഗിക്കാൻ പാടില്ലെന്നിരിക്കെ ഖണ്ഡിക 2.7ലെ നെഗറ്റീവ് ലിസ്റ്റിൽ ക്രമ നം 7 ൽ കിടക്കുന്ന തെരുവു വിളക്ക് പരിപാലനം എന്ന ഇനത്തിന് സർക്കാർ മാർഗ്ഗ നിർദേശത്തിനനുസൃതമല്ലാതെ നോൺ റോഡ് മെയിന്റനന്സ് ഫണ്ട് ഉപയോഗിച്ചതിന് കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11/25.09.24 മറുപടി ലഭ്യമാക്കിയിട്ടില്ല.ഗ്രാന്റുകളുടെ വിനിയോഗം സർക്കാർ മാർഗ്ഗ നിർദേശപ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-27 ലൈഫ് മിഷൻ - ഭവന നിർമ്മാണം (Sc) പൂർത്തീകരിച്ചിട്ടില്ല.Phase -3

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി എ സി വിഭാഗത്തിനു ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

| പ്രൊജക്ട് | 131/24 | 119/24 | 69/24 |
|---|---|---|---|
| അടങ്കൽ | 330280 | 10897401 | 24000000 |
| ചെലവ് | 326000 | 300000 | 8621000 |

2023-24ൽ എഗ്രിമെന്റ് 39 വെച്ച ഗുണഭോക്താക്കളിൽ 27ഗുണഭാക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇതിൽ വിവിധ ബില്ലുകൾ പ്രകാരം മൂന്ന് ഗഡുകൾ വരെ കൈപ്പറ്റിയവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ, തീയ്യതി | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|
| 1 | ഷീജ, വാർഡ്-02 | 30-03-2022 | 40000 | 360000 |
| 2 | രാജൻ, വാർഡ്-05 | 30-03-2022<br>19-09-2022<br>22-02-2022 | 40000<br>160000<br>100000 | 100000 |
| 3 | മണികുണ്ടൻ, വാർഡ്-10 | 37/17-03-23<br>30-10-23<br>5/12-09-24 | 40000<br>100000<br>80000 | 180000 |
| 4 | ചിന്ന, വാർഡ്-6 | 40/24-03-23<br>21-07-23 | 40000<br>100000 | 260000 |
| 5 | സരസ്വതി, വാർഡ്-13 | 40/24-03-23 | 40000 | 360000 |
| 6 | ചാമിയാർ , വാർഡ്-6 | 7/31-05-23<br>8-02-24 | 40000<br>100000 | 260000 |
| 7 | രമണി, വാർഡ്-7 | 23/14-07-23<br>27-02-24 | 40000<br>100000 | 260000 |
| 8 | നിഷ,വാർഡ്-14 | 21/20-07-23<br>36/26-12-23 | 40000<br>80000<br>100000 | 180000 |

| | | | | |
|---|---|---|---|---|
| | | 21-02-24 | | |
| 9 | വിജി, വാർഡ്-11 | 14/06-07-23<br>20-20-23<br>5/12-07-24 | 40000<br>80000<br>80000 | 200000 |
| 10 | സുനിത മോൾ, വാർഡ്-5 | 23/14-08-23<br>28/15-11-23 | 40000<br>80000 | 280000 |
| 11 | സരിത, വാർഡ്-13 | 35/18-12-23<br>26/08-02-24 | 40000<br>100000 | 260000 |
| 12 | പാഞ്ചാലി, വാർഡ്-1 | 28/15-11-12<br>21-02-24<br>27-06-24 | 40000<br>100000<br>60000 | 200000 |
| 13 | സൗമ്യ, വാർഡ്-5 | 28/15-11-23<br>21-02-24<br>27-06-24 | 40000<br>100000<br>80000 | 180000 |
| 14 | വസന്ത,വാർഡ്-9 | 35/18-12-23<br>30-03-24 | 40000<br>100000 | 260000 |
| 15 | ദേവകി, വാർഡ്-3 | 37/29-12-23<br>25-03-24<br>10/17-08-24 | 40000<br>100000<br>120000 | 140000 |
| 16 | മീനാക്ഷി, വാർഡ്-14 | 33/13-12-23<br>2-07-24 | 40000<br>100000 | 260000 |
| 17 | രാധ, വാർഡ്-8 | 33/13-12-23<br>15-02-24 | 40000<br>100000 | 260000 |
| 18 | ചന്ദ്രിക, വാർഡ്-12 | 33/13-12-23<br>25-03-24 | 40000<br>100000 | 260000 |
| 19 | ഉഷ, വാർഡ്-6 | 46/15-02-24<br>2-07-24 | 40000<br>100000 | 260000 |

ലൈഫ് മിഷൻ ഭവന നിർമ്മാണം -എ സി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല. ഭൂരിഭാഗം ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിന്റെ അവസാനം ഘട്ടത്തിലാണെന്നു ഓഡിറ്റ് അന്വേഷണം 19/26-09-24ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## **1-28 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്റ്റ് | 203/24, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| അടങ്കൽ | ₹250000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹250000 |
| | |

| | |
|---|---|
| ബിൽ നം./ തീയതി | 26/16-03-23 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള വിഹിതമായി 350000രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) കൈമാറിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള *തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ* ഓഡിറ്റ് എൻക്വയറിക്ക് (നം.14/25-09-2024) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-29 സാമൂഹികാരോഗ്യ കേന്ദ്രം-മെൻസ്ട്രൽ കപ്പ് വിതരണം പദ്ധതി പൂർത്തികരിച്ചിട്ടില്ല.</u>

| | |
|---|---|
| പ്രോജക്ട് | 169,, മെൻസ്റ്ററൽ കപ്പ് വിതരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, CHC |
| അടങ്കൽ | 200000, വികസന ഫണ്ട് |
| ചെലവ് | 199794 |
| ചെലവ്-അനുമതി ഉത്തരവ്നം.,തീയതി,തുക | 392/27.3.24 - 99897<br>400/30.3.24 - 99897 |

മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം, പഴമ്പാലക്കോട് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 199794 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, ആക്കുളം ഫാക്ടറി, ശ്രീകാര്യം എന്ന സ്ഥാപനത്തിൽ നിന്ന് 06.05.24 തീയതിയിലെ 9423052046,942305207 എന്നീ ഇൻവോയ്സുകൾ പ്രകാരം 666 മെൻസ്റ്ററൽ കപ്പ് വാങ്ങിയിട്ടുണ്ട്.

പഴമ്പാലക്കോട് മെയിൻ സെന്ററിലും മൂന്ന് സബ് സെന്ററുകളിലുമായി നടത്തിയ മേൽ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1)666 മെൻസ്ട്രൽ കപ്പുകൾ HLL -ൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ നാല് സെന്ററുകളിലെയും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 658 മെൻസ്ട്രൽ കപ്പുകൾ മാത്രം വിതരണത്തിനായി നൽകിയിരിക്കുന്നു.സബ് സെന്ററുകൾക്ക് 6 മെൻസ്ട്രൽ കപ്പുകൾ വിതരണത്തിനായി നൽകാതിരുന്നതിന് വ്യക്ത വരുത്തേണ്ടതാണ്.

2) തോണിപ്പാടം സബ് സെന്റർ ഒഴികെ മറ്റ് മൂന്നു സെന്ററുകളിലും മെൻസ്ട്രൽ കപ്പുകൾ ഭാഗികമായി മാത്രം വിതരണം ചെയ്തിരിക്കുന്നു.വിശദാംശങ്ങൾ താഴെ നൽകുന്നു.

| ഉപ കേന്ദ്രത്തിന്റെ പേര് | കേന്ദ്രത്തിന് നൽകിയത് | വിതരണം ചെയ്തത് | ബാക്കി |
|---|---|---|---|
| നെച്ചൂർ | 162 | 47 | 115 |
| തരൂർ | 172 | 106 | 66 |
| പഴമ്പാലക്കോട്(മെയിൻ സെന്റർ) | 98 | 73 | 25 |
| തോണിപ്പാടം | 226 | 226 | 0 |
| ആകെ | 658 | 452 | 206 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല.മെൻസ്ട്രൽ കപ്പുകൾ മുഴുവനായി വിതരണം നടത്തി അറിയിക്കേണ്ടതാണ്.

## 1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-പദ്ധതി നടപ്പിലാക്കിയിട്ടില്ല.

18/24 നമ്പർ പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും 2,45,000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ) പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല.മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(27/28.09.24)ത്തിന് ഫണ്ട് അപര്യാപ്തമാണെന്ന് പഞ്ചായത്ത് അറിയിച്ചതിനെ തുടർന്ന് പദ്ധതി നടപ്പാക്കിയില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.മുൻ വർഷ പദ്ധതി പ്രകാരം ലഭ്യമാക്കിയ മരുന്ന് സ്റ്റോക്ക് ഉള്ളതിനാലാണ് മേൽപദ്ധതി നടപ്പാക്കാതിരുന്നതെന്നും പിന്നീട് സ്പിൽഓവറായി പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് വേളയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നു.മരുന്ന് സ്റ്റോക്ക് ഉണ്ടെന്നിരിക്കെ മറ്റ് അവശ്യ കാര്യങ്ങൾക്കായി തുക വകയിരുത്താതിരുന്നത് അഭികാമ്യമായ നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികൾ -അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 72പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 12 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹35023057 വകയിരുത്തിയതിൽ ₹1760745 ആണ് ചെലവഴിച്ചിട്ടുള്ളത്. 5.03% ആണ് തൻവർഷത്തെ ആകെ ചെലവ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. മറുപടി താഴെ ചേർക്കുന്നു.

| ക്രമനം. | പ്രൊജക്റ്റ് | മറുപടി |
|---|---|---|
| 1 | 114/24-വടക്കുമുറി കുന്നുംപുറം മുതൽ പഞ്ചായത്ത് കിണർ റോഡ് റീടാറിംഗ് | ടെണ്ടർ അധിക തുക നൽകുവാൻ മാത്രമാണ് സ്പിൽ ഓവറായി പ്രവൃത്തി ഉൾപ്പെടുത്തിയത്. 9-5-2024ന് ബിൽ സമർപ്പിച്ചു. |
| 2 | 112/24-പുള്ളയിൽ മൊക്ക കുടിവെള്ള പദ്ധതി | പദ്ധതിക്കുവേണ്ടി കുഴിച്ച കുഴൽ കിണർ ചെളി അടഞ്ഞ് ഉപയോഗ ശൂന്യമായതുനാൽ GWD നിർദ്ദേശമനുസരിച്ച Flush ചെയ്യേണ്ട ആവശ്യം വന്നു. ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിക്കുന്നു. |

| | | |
|---|---|---|
| 3 | 109/24-ഫ്രണ്ട് ഓഫീസ് നവീകരണം | ഇറിഗേഷൻ വകുപ്പിൽ നിന്നും എൻഒസി ലഭിക്കാത്തതിനാൽ 14-6-2024 ലെ 3(3)-ാം നം. തീരുമാനം പ്രകാരം പ്രവൃത്തി ഉപേക്ഷിച്ചു. |
| 4 | 106/24- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ | മാപ്പ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ നിന്നും റോഡ് സർവേ ചെയ്ത വകയിൽ ചെലവാക്കിയ തുകയും ബാക്കിയാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളത്. മുഖ്യ ഉപയോഗം കഴിഞ്ഞതിനാൽ ഭരണ സമിതി തീരുമാനം പ്രകാരം പദ്ധതി ഉപേക്ഷിച്ചു. |
| 5 | 115/24-നെച്ചൂർ സബ് സെന്റർ റിപ്പയർ | പ്രവൃത്തി പൂർത്തീകരിച്ചതാണ്. മെയിന്റനൻസ് ഫണ്ട് (റോഡിതരം) അലോട്ട്മെന്റ് ലഭിക്കാത്തതിനാലാണ് സമയബന്ധിതമായി ചെലവഴിക്കാൻ സാധിക്കാതിരുന്നത്. |
| 6 | 116/24-നെല്ലിപ്പാടം കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കൽ | പ്രവൃത്തി പുരോഗമിക്കുന്നു. കാലതാമസം നേരിട്ടതിനാൽ ആയതിന്റെ പിഴ ഈടാക്കി ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്. |
| 7 | 107/24-പേഴുംകാട് കുടിവെള്ള പദ്ധതി | പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രാദേശിക എതിർപ്പ് നില നിൽക്കുന്നതിനാൽ ഭരണ സമിതി തീരുമാനം പ്രകാരം പദ്ധതി ഉപേക്ഷിച്ചു. |
| 8 | 108/24-തരൂർ ഐപിപി സെന്ററിനു സമീപം ബോർവെൽ സ്ഥാപിക്കൽ | പ്രവൃത്തി നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് തുക വകയിരുത്തിയതിനാൽ |
| 9 | 113/24-നെച്ചൂർ കൊന്നക്കാട് പാലക്കുന്ന് റോഡ് സൈഡ്കെട്ട് | പ്രവൃത്തി പൂർത്തീകരിച്ചു. Q Bill മുഖേന ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 10 | 103/24-കുണ്ടുകാട്-ആനവളവ്-പള്ളി റോഡ് സൈഡ് പ്രൊട്ടക്ഷൻ | പ്രവൃത്തി പൂർത്തീകരിച്ചു. Q Bill മുഖേന ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | 105/24-തരൂർ കുടിവെള്ള പദ്ധതിക്ക് ടാങ്ക് | പ്രവൃത്തി പുരോഗമിക്കുന്നു. കാലതാമസം നേരിട്ടതിനാൽ ആയതിന്റെ പിഴ ഈടാക്കി ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്. |
| 12 | 111/24-നെല്ലിക്കാട് കിണർ സംരക്ഷണം പൂർത്തീകരണം | പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഭരണ സമിതി തീരുമാനം പ്രകാരം പദ്ധതി ഉപേക്ഷിച്ചു. |
| 13 | 117/24-തോടുകാട് മദ്രസ റോഡ് കോൺക്രീറ്റിംഗ് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ ബിൽ സമർപ്പിക്കുന്നതാണ്. |

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാനവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/26-9-2024ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം അംഗീകാരം ലഭ്യമായ 57 പുതിയ പ്രവൃത്തികളിൽ 19 എണ്ണം പൂർത്തീകരിച്ചു എന്നും 14 പ്രവൃത്തികൾ തുടരുന്നു എന്നും 21 പ്രവൃത്തികൾ ജൽജീവൻ മിഷൻ മുഖാന്തിരം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നും രണ്ട് പ്രവൃത്തികൾ ഭരണ സമിതി തീരുമാന പ്രകാരം ഉപേക്ഷിച്ചു എന്നും ഒരു പ്രവൃത്തി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 15 സ്പിൽ ഓവർ പ്രവൃത്തികളിൽ 7 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഭരണ സമിതി ഉപേക്ഷിച്ചു എന്നും 2 പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും 4 പ്രവൃത്തികൾ മാർച്ചിൽ പൂർത്തീകരിച്ചു എങ്കിലും ബിൽ നൽകാൻ കഴിഞ്ഞില്ല എന്നും മറ്റുള്ള പ്രവൃത്തികൾ തുടരുന്നുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയത് കുറവായിട്ടാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 110/24 -നെല്ലിക്കാട് ഗ്രാമം കുടിവെള്ള പദ്ധതി<br>അടങ്കൽ - 2600000-വികസന ഫണ്ട് (സിഎഫ്സി)<br>PAC- 231036.28<br>APAC- 253908.87 (9.9%Above)<br>കരാറുകാരൻ - ശ്രീ.എൻ.ഹക്കീം<br>എഗ്രിമെന്റ് നം.:46/4-2-2022<br>സൈറ്റ് ഹാൻഡ് ഓവർ -4-2-2022 | 3-8-2022 | 12-4-2023 | 2525 | 6931 (3%) | 4406 |

| | | | | | | |
|---|---|---|---|---|---|---|
| | അളവു പുസ്തകം - 504/21-22<br>ചെലവ് -₹82752 (സാങ്ഷൻ ഓർഡർ നം.278/19-3-2022)<br>₹169727 (സാങ്ഷൻ ഓർഡർ നം.306/14-3-2024)<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 4406 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/27-9-2024ന് പുതിയ ബോർവെൽ, മോട്ടോർ ഷെഡ് പമ്പ് സെറ്റ് എന്നിവ ഉൾപ്പെടുത്തിയ പദ്ധതി പഴയ പൈപ്പ് ലൈനിൽ ലിങ്ക് ചെയ്ത് ഉപയോഗിക്കുന്നതിനു വേണ്ടി ആണ് രൂപീകരിച്ചിരിക്കുന്നത്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് പൈപ്പ് ലൈനിൽ ലിങ്ക് ചെയ്തപ്പോൾ 15 വർഷം മുൻപുള്ള പൈപ്പ്ലൈൻ ചളിയടിഞ്ഞ് വെള്ളം വിതരണം ചെയ്യാൻ സാധിക്കാതെ വന്നു. ആ സാഹചര്യത്തിൽ പൂർത്തീകരിച്ച പദ്ധതിയുടെ ബിൽ തുക നൽകാതെ പുതിയ പദ്ധതി പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി രൂപീകരിക്കുകയും പദ്ധതി പ്രകാരം പൈപ്പ്ലൈൻ നീട്ടിയതിനു ശേഷം മാത്രമാണ് കുടിവെള്ള വിതരണം നടത്താൻ സാധിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കുഴൽ കിണർ കുഴിക്കുന്നതിനും 1.5m X1.5m മോട്ടോർ ഷെഡ് നിർമ്മിക്കുന്നതിനും 5HP മോട്ടോർ പമ്പ്സെറ്റ് സ്ഥാപിച്ചു കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. 4-2-2022 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3-8-2022ന് ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 12-4-2023ന് ആണ്. 2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

യീൽഡ് ടെസ്റ്റ് വൈകിയതു കാരണം, പൈപ്പ് ലൈൻ വർക്ക് ചെയ്യാൻ കാലതാമസം ഉണ്ടായതിനാൽ, നിലവിലുള്ള പൈപ്പ് ലൈൻ 15 വർഷത്തേക്ക് പഴയതായതുകൊണ്ട് പൈപ്പ് ലൈൻ ചെളി ആയതിനാൽ പുതിയ പൈപ്പ് ലൈൻ വർക്ക് ചെയ്യാൻ കാലതാമസം വന്നതിനാൽ, നിലവിലുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ വൈകിയതു കാരണം, നിലവിലുള്ള പൈപ്പ് ലൈൻ കംപ്ലെയിന്റ് ആയതിനാൽ എന്നിങ്ങനെ വിവിധ കാരണങ്ങളാൽ 5 പ്രാവശ്യം സമയം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ കുഴൽ കിണർ കുഴിക്കൽ, മോട്ടോർ ഷെഡ്, പമ്പ് സെറ്റ് എന്നിവയ്ക്കാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. 1-7-2022ന് പമ്പിംഗ് ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ കുഴൽ കിണർ കുഴിച്ചപ്പോൾ ഉണ്ടായ തുക ഉപയോഗിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും വെള്ളത്തിന്റെ യീൽഡ് അനുസരിച്ച് മോട്ടോറിന്റെ പവർ വ്യത്യാസം വരുത്തുന്നതിനും വേണ്ടി 27-7-2022ലെ 6(3)-ാം നം. തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പൈപ്പ് ലൈൻ എക്സ്റ്റൻഷനുവേണ്ടി പ്രൊ.നം.54/24-നെല്ലിക്കാട് ഗ്രാമം DWSS പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന ഒരു പ്രവൃത്തി കൂടി ചെയ്തിട്ടുണ്ട്. പുതിയതായി കുഴൽ കിണർ കുഴിക്കുന്ന പ്രവൃത്തിയിൽ നിലവിലുള്ള പൈപ്പ് ലൈനിന്റെ അപാകതകൾ കാരണം സമയ ദീർഘീകരണം നൽകിയത് അംഗീകരിക്കത്തക്കതല്ല. പിഴ ഇനത്തിൽ കുറവ് വന്ന തുക ₹4406 ഈടാക്കേണ്ടതാണ്.

## <u>1-33 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്</u>

വട്ടക്കല്ലിങ്കൽ കുടിവെള്ള പദ്ധതി, അരിയാശ്ശേരി കുടിവെള്ള പദ്ധതി, കുരുത്തിക്കോട് കുടിവെള്ള പദ്ധതി എന്നീ കുടിവെള്ളപദ്ധതികളിൽ ബോർവെൽ കുഴിക്കൽ, യീൽഡ് ടെസ്റ്റ് എന്നീ പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

(1). പ്രൊജക്റ്റ് നം. 52/24- വട്ടക്കല്ലിങ്കൽ കുടിവെള്ള പദ്ധതി ബോർവെൽ

അടങ്കൽ ₹15000/- Plan (Gen)

₹135000 -CFC

------------------------

ആകെ -₹150000

====================

ചെലവ് - ₹73224/- (സാങ്ഷൻ ഓർഡർ നം. 262/8-2-2024)

കരാറുകാരൻ -ശ്രീ.ചെന്താമരകണ്ണൻ.എം.

എഗ്രിമെന്റ് നം. 3/4-10-2023

എം.ബി. നം. - 88719/2023

കുഴൽ കിണർ കുഴിക്കൽ, യീൽഡ് ടെസ്റ്റ് എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുള്ളത്. 20-1-2024ന് പ്രവൃത്തി പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്.

തുടർ പ്രവൃത്തികൾ നടത്തി വൈദ്യുത കണക്ഷൻ ലഭ്യമാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരം, നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

(2). പ്രൊജക്റ്റ് നം. 53/24- അരിയാശ്ശേരി കുടിവെള്ള പദ്ധതി ബോർവെൽ

അടങ്കൽ ₹15000/- Plan (Gen)

₹135000 -CFC

------------------------

ആകെ -₹150000

====================

ചെലവ് - ₹73224/- (സാങ്ഷൻ ഓർഡർ നം. 264/8-2-2024)

കരാറുകാരൻ -ശ്രീ.ചെന്താമരകണ്ണൻ.എം.

എഗ്രിമെന്റ് നം. 5/4-10-2023

എം.ബി. നം. - 88743/2023

കുഴൽ കിണർ കുഴിക്കൽ, യീൽഡ് ടെസ്റ്റ് എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുള്ളത്. 20-1-2024ന് പ്രവൃത്തി പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്.

തുടർ പ്രവൃത്തികൾ നടത്തി വൈദ്യുത കണക്ഷൻ ലഭ്യമാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരം, നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

(3). പ്രൊജക്റ്റ് നം. 163/24- കുരുത്തിക്കോട് കുടിവെള്ള പദ്ധതി ബോർവെൽ

അടങ്കൽ -₹150000 -CFC

ചെലവ് - ₹78558/- (സാങ്ഷൻ ഓർഡർ നം. 263/8-2-2024)

₹19640/- (സാങ്ഷൻ ഓർഡർ നം. 289/28-2-2024)

കരാറുകാരൻ -ശ്രീ.ചെന്താമരകണ്ണൻ.എം.

എഗ്രിമെന്റ് നം. 6/10-10-2023

എം.ബി. നം. - 88191/2023

കുഴൽ കിണർ കുഴിക്കൽ, യീൽഡ് ടെസ്റ്റ് എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുള്ളത്. 20-1-2024ന് പ്രവൃത്തി പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്.

തുടർ പ്രവൃത്തികൾ നടത്തി വൈദ്യുത കണക്ഷൻ ലഭ്യമാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരം, നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/27-9-2024ന് പ്രസ്തുത പദ്ധതികളിൽ കുഴൽ കിണർ കുഴിക്കൽ, യീൽഡ് ടെസ്റ്റ് എന്നീ പ്രവൃത്തികൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ജല ലഭ്യത ഉറപ്പു വരുത്തിയതിനു ശേഷം വൈദ്യുത കണക്ഷൻ ലഭ്യമാക്കി ആവശ്യമായ പൈപ്പ് ലൈനും ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നും 2024-25വർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്നും നടപടിക്രമങ്ങൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം - കട്ടിൽ വാങ്ങൽ വിതരണവിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം 150/24

അടങ്കൽ- 300000/- വികസന ഫണ്ട് എസ്.സി.പി

ചെലവ്-115500

ബിൽ നം- 47/05.03.24

നിർവഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ്സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി നടപ്പാക്കുന്നതിന് എസ്.സാലി & അസോസിയേറ്റ്സ് വടക്കാഞ്ചേരി പാലക്കാട് എന്ന സ്ഥാപനത്തിന് കട്ടിൽ വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം കട്ടിൽ 35എണ്ണം ലഭ്യമായിട്ടുണ്ട്. ആയത് വിതരണം നടത്തിയ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/01.10.24)മറുപടി ലഭ്യമാക്കിയില്ല. വിതരണ വിവരം ലഭ്യമാകുന്നതുവരെ തുക 115500 തടസ്സപ്പെടുത്തുന്നു.

## 1-35 അഗതി കേരളം പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗിച്ച വിവരം സംബന്ധിച്ച്

തരൂർ ഗ്രാമ പഞ്ചയാത്തിന്റെ തനതു ഫണ്ട് പരിശോധിച്ചതിൽ തൻ വർഷം അഗതി കേരളം തുടർ പ്രവർത്തനങ്ങൾക്കായി ജില്ലാപഞ്ചായത്ത് വിഹിതം 28.02.2023തിയ്യതിയിലെ ഉത്തരവ് നം 3358/ബി 22/Ks/Pkd പാലക്കാട് കുടുംബശ്രീ ജില്ലാമിഷന്റെ നടപടിക്രമം പ്രകാരം 30000/-അനുവദിക്കുകയും കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ചെലവു വിവരം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/01.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

## 1-36 വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് B-9 -Other Liabilities ഷെഡ്യൂൾ -350400999- എന്ന ഹെഡിൽ Refund Of Unutilised Grants പ്രകാരം ₹117500 ഉണ്ട്. ഈ തുകകൾ ഏതു പദ്ധതിയിനത്തിലെ തിരിച്ചടക്കാനുള്ള തുകകളാണ് എന്ന വിവരം അറിയിക്കേണ്ടതാണ്. തുക അതാത് ശീർഷകങ്ങളിലേക്ക് തിരിച്ചടക്കേണ്ടതാണ്.

തുക സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം. | വൗച്ചർ നം./ തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| 1 | 1230000459/26-3-2024 | 7500 | Refund From Ground Water Department |
| | 1230000462/26-3-2024 | 110000 | Refund Of Unutilised Development Fund From Kudumbasree |

തുക സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/26-9-2024ന് ₹7500 മുൻവർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്നും ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്കു നൽകിയ തുക തിരികെ ലഭിച്ചതാണെന്നും ₹110000 റിവോൾവിംഗ് ഫണ്ട് ഇനത്തിൽ പ്രവർത്തനം നിലച്ച 11 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാത്ത തുകയാണെന്നും ടി തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 യോഗമിനുട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനുട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനുട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

A)മിനുട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനുട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 9.01.2024 | 29.02.24 |
| 22.1.2024 | 3.5.2024 |
| 29.1.2024 | 15.3.2024 |
| 9.2.2024 | 3.9.2024 |
| 28.2.2024 | 3.5.2024 |
| 16.3.2024 | 3.9.2024 |
| 8.4.2024 | 21.6.2024 |
| 15.5.2024 | 21.6.2024 |
| 8.8.2024 | 3.9.2024 |

B)താഴെ പറയുന്ന യോഗങ്ങളുടെ മിനുട്ട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| 1 | 14/6/24 | ഭരണസമിതി യോഗം | സാധാരണ യോഗം |
| 2 | 24/07/24 | ഭരണസമിതി യോഗം | സാധാരണ യോഗം |
| 3 | 30/8/24 | ഭരണസമിതി യോഗം | അടിയന്തിര യോഗം |
| 4 | 13/9/24 | ഭരണസമിതി യോഗം | അടിയന്തിര യോഗം |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കാനാവശ്യ, പ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.18/26-9-2024ന് ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജീവനക്കാർ 2 പേരുടെ കുറവ് ഉണ്ടാവുകയും പാർലമെന്ററി ഇലക്ഷൻ അനുബന്ധിച്ചുള്ള BLO ഡ്യൂട്ടി, വോട്ടർ പട്ടിക പുതുക്കൽ എന്നിവ കാരണം ഓഫീസിലെ പ്രവർത്തനങ്ങൾക്ക് കാലതാമസം വന്നതു കാരണമാണ് മിനുട്ട്സ്

തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

**1-38 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ'-അവലോകനം**

കേരളത്തിലെ മാലിന്യ സംസ്ക്കരണ മേഖലയിൽ ഹരിത കർമ്മസേനക്ക് മികച്ച പ്രാധാന്യമുണ്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്ക്കരണ മേഖലയിൽ ശക്തമായി പ്രവർത്തിക്കുന്ന സംവിധാനമാണ് ഹരിത കർമ്മസേന.തരൂർ ഗ്രാമപഞ്ചായത്തിലെ ജൈവ ,അജൈവ മാലിന്യ സംസ്ക്കരണ സംവിധാനവുമായി ബന്ധപ്പെട്ട് ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി **'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ'** എന്ന വിഷയം സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

**ഹരിത കർമ്മ സേന**

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട് 2020 മാർച്ച് 20 നാണ് തരൂർ ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിക്കുന്നത്. **.** വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്**.**

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ഗ്രാമപഞ്ചായത്തിനുണ്ട്. ഏകദേശം 700സ്വകയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള MCF തരൂർ പള്ളി സ്റ്റോപ്പ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഗ്രാമ പഞ്ചായത്ത് പരിധിയിൽ RRF പ്രവർത്തിക്കുന്നില്ല.

***1) അടിസ്ഥാന വിവരങ്ങൾ***

തരൂർ ഗ്രാമപഞ്ചായത്തിൽ ആകെ 16 വാർഡുകളാണ് ഉള്ളത്. ഓരോ വാർഡിന് രണ്ടാളെന്ന രീതിയിൽ തുടക്കത്തിൽ 32 പേരാണ് ഹരിതകർമ്മസേനയിലുണ്ടായിരുന്നത്. നിലവിൽ 32 പേർ തുടർന്നുപ്രവർത്തിക്കുന്നു.ഓരോ വാർഡിലേക്കും 2 ഹരിത കർമ്മസോനാംഗങ്ങളാണ് ഉള്ളത്.വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല .ഏകദേശം 70% പേരാണ് ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നത്.ഓരോ വാർഡിലും ആൾ താമസമുള്ള വീടുകളുടെയും സ്ഥാപനങ്ങളുടെയും ജനസംഖ്യ സംബന്ധിച്ച ഏകദേശ വിവരങ്ങളാണ് താഴെ കൊടുക്കുന്നു.

| വാർഡ് നം | ആൾതാമസമുള്ള വീടുകളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 460 | 18 |
| 2 | 432 | 14 |
| 3 | 475 | 16 |
| 4 | 440 | 10 |
| 5 | 449 | 10 |
| 6 | 537 | 7 |
| 7 | 470 | 6 |
| 8 | 415 | 6 |
| 9 | 566 | 11 |
| 10 | 492 | 15 |
| | | |

| | | |
|---|---|---|
| 11 | 532 | 18 |
| 12 | 585 | 45 |
| 13 | 452 | 12 |
| 14 | 440 | 3 |
| 15 | 475 | 38 |
| 16 | 476 | 21 |
| Total | 7746 | 250 |

*2) മാലിന്യ ശേഖരണ കാര്യക്ഷമത*

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കി ഷെഡ്യൂൾ ചെയ്തു പ്രകാരം മാലിന്യ ശേഖരണം നടക്കുന്നു. മാസത്തിൽ ഒരുതവണയാണ് ഒരു വാർഡിൽ പോകുന്നത്.മാലിന്യശേഖരണം നടത്തുന്ന ഹരിത കർമ്മസേനക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ പൊതു ജനങ്ങൾക്കായി ആഷാ പ്രവർത്തകർ, ഗ്രാമ പഞ്ചായത്ത്ജീവനക്കാർ,വി.ഇ.ഒ ,Cds അംഗങ്ങൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ, തുടങ്ങിയവരുടെ നേതൃത്വത്തിൽ വാർഡ് അടിസ്ഥാനത്തിൽ കാമ്പെയിനിങ്ങുകൾ സംഘടിപ്പിച്ചിരുന്നു.തുടർന്നാണ് 70% വീടുകൾ ഹരിതകർമ്മസേനയെ ഉപയോഗപ്പെടുത്താൻ തുടങ്ങിയത്.തദ്ദശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ഭവനങ്ങളെയുംസ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ 2023-24 കാലയളവിൽ ഹരിതമിത്രം ഗാർബേജ് പദ്ധതി നടപ്പിലാക്കുകയും ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചിട്ടുമുണ്ട്.

*3)മാലിന്യ വേർതിരിവ് പാലിക്കൽ*

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർ തിരിച്ച് ക്രമീകരിക്കുന്നത് ഭാഗികകമായാണ് നടക്കുന്നത്. ഏകദേശം 10% ത്തിൽ താഴെ മാത്രമാണ് ഉറവിടത്തിൽ നിന്ന് വേർ തിരിക്കുന്നത്. വീടുകളിൽ നിന്ന് ഇങ്ങനെ ശേഖരിക്കുന്നവ എം.സി.എഫിലേക്ക് കൊണ്ടു വരികയും അവിടെവച്ച് അജൈവമാലിന്യങ്ങൾ തരം തിരിച്ച് ക്ളീൻ കേരളാ കമ്പനിക്ക് നൽകുകയാണ് ചെയ്യുന്നത്.ഇത്തരം വസ്തുക്കൾ ഉണക്കി ബെയിലിംങ്ങ്ചെയ്യാനുള്ള സംവിധാനം എം.സി.എഫിലുണ്ട്. താത്കാലികമായി ബെയിലിംങ്ങ് മെഷീൻ പ്രവർത്തിക്കുന്നില്ല ഷ്രഡിംങ്ങ് ചെയ്യാനുള്ള സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഇല്ല.

ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുൻ വർഷങ്ങളിൽ ഹരിതസഹായ സ്ഥാപനങ്ങളിൽ നിന്ന് സേവനം ഉപയോഗപ്പെടുത്തിയതായി കാണുന്നു. പ്ളാസ്റ്റിക് ശേഖരിക്കുന്നതിലും ആയത് തരം തിരിക്കുന്നതിലുംവേണ്ടത്ര വൈദഗ്ദ്യം അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

*4) റീസൈക്ളിംങ്ങ്*

പുനരുപയോഗം സാധ്യമാകുന്ന വസ്ത്രക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലില്ല.

*5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്*

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി

തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തിയ ബോധവൽക്കരണ കാമ്പെനുകൾ പഞ്ചായത്തിലെ 16 വാർഡുകളിലും ഡോർ ടുഡോർകാമ്പെൻ നടത്തിയിട്ടുണ്ട്. മെമ്പർമാർ , കുടുംബശ്രി എ.ഡി.എസ്,സി.ഡി.എസ്.അംഗങ്ങൾ , ഹരിത കർമ്മേനാംഗങ്ങൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.അതുകൂടാതെ ഗ്രാമ സഭകളിലും വിവിധ യോഗങ്ങളിലും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

*6) തൊഴിൽ സൃഷ്ടിക്കൽ*

മാലിന്യ സംസ്കരണ മേഖലയിൽ 32 ഹരിത കർമ്മ സേനാംഗങ്ങളും ഒരു ഡ്രൈവർക്കും സ്ഥിര വരുമാനം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. യൂസർഫീ പിരിവിന്റെഅടിസ്ഥാനത്തിലാണ് പ്രതിമാസം വരുമാനം ലഭിക്കുന്നത്.ഏകദേശം 10000 നും 20000 നു ഇടയിൽപ്രതിമാസ വരുമാനം ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടില്ലഹരിത കർമ്മ സേനയുടെ വരുമാന വർദ്ധനവിനായി മാലിന്യ സംസ്ക്കരണ മേഖലയിൽ എല്ലാ വീടുകളെയും ഉൾപ്പെടുത്തി യൂസർഫീ കളക്ട് ചെയ്യുന്നതിലൂടെയും ക്ളീൻ കേരളാ കമ്പനിക്ക് തരം തിരിച്ച വസ്തുക്കൾ നൽകുന്നതു വഴി ലഭിക്കുന്ന വരുമാനവും വഴിയുമാണ് നിലവിൽ വരുമാനംകണ്ടെത്തിവരുന്നത്

*7) അടിസ്ഥാന സൌകര്യ വികസനം*

അടിസ്ഥാന സൗകര്യ വികസനംസംബന്ധിച്ച് നിർദേശങ്ങളായി അവലോകനത്തിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്.

*9) പരിശീലനവും വികസനവും*

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിത കർമ്മ സേന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത സഹായ സംഘത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

*10) നിയമങ്ങൾ പാലിക്കൽ*

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും പാലിക്കുന്നു

ണ്ട്. ഗ്രാമ പഞ്ചായത്ത് ഭരണാധികാരികൾ മോണിറ്റർ ചെയ്യുന്നുണ്ട്. മിനിറ്റ്സ് ബുക്കുകൾ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾ ചട്ടങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്.ഹരിത കർമ്മസേനയുടെ പേരിൽ തരൂർ അത്തിപ്പൊറ്റ യൂണിയൻ ബാങ്കിൽ (അക്കൗണ്ട് നം. 6545020110010247). കളക്ട്ചെയ്ത യൂസർ ഫീ അക്കൗണ്ടിൽ നിക്ഷേപിച്ച് 10% തുക നിർത്തി ബാക്കി തുകയാണ് വേതനമായി അംഗങ്ങൾ എടുക്കുന്നത്.

11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

2017 ൽ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ സർവേ എടുക്കുകയും 2020മാർച്ചിൽ ൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മസേനയിൽ 16 വാർഡുകളിലായി 32 അംഗങ്ങളാണ് ഉള്ളത്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും ആണ് യൂസർ ഫീ ഈടാക്കി വരുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ഗ്ലൗസ്, മാസ്ക് , യൂണിഫോമുകൾ ,ഐഡന്റിറ്റി കാർഡുകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. .

## വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്.അതുപ്രകാരം പഞ്ചായത്ത് അധികൃതർ,വി.ഇ.ഒ എന്നിവർവിലയിരുത്താറുണ്ട്. എല്ലാ മാസവും യോഗം നടത്തി പ്രവർത്തനം വിലയിരുത്തുന്നു.പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിക്കേണ്ടനടപടികൾ സംബന്ധിച്ച വിവരം ഖണ്ഡികയുടെ അവസാനം ചേർത്തിയിട്ടുണ്ട്.

## മെറ്റീരീയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസ്ലിറ്റി (RRF) പ്രവർത്തനം

*1) അടിസ്ഥാന വിവരങ്ങൾ*

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി സൂക്ഷിക്കുന്നതിന് എം.സി.എഫ് ഗ്രാമപഞ്ചായത്തിന് ഉണ്ട്.ഗ്രാമപഞ്ചായത്ത് ജില്ലാ

വ്യവയായ കേന്ദ്രത്തിന് വിട്ടുകൊടുത്ത തരൂർ പള്ളിക്കടുത്തുള്ള മിനി ഇൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലാണ്. എം.സി.എഫ്.സ്ഥിതി ചെയ്യുന്നത്. അതിനടുത്തായി 3 വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. **വ്യവസായ കേന്ദ്രത്തിൽ വിട്ടു കൊടുത്ത സ്ഥലമായതിനാൽ എം.സി.എഫിന് സ്ഥലം വാങ്ങാൻ ഗ്രാമ പഞ്ചായത്ത് ത്വരിത ഗതിയിൽ നടപടിക് ആരംഭിച്ചിട്ടുണ്ട്. തൻ വർഷം ഹരിതകർമ്മസേനക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിനും എം.സി.എഫിന് സ്ഥലം വാങ്ങുന്നതിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലായിട്ടില്ല.** ഹരിതകർമ്മേസേന ശേഖരിക്കുന്ന മാലിന്യം ചാക്കുകളിലാക്കി സൂക്ഷിച്ചിട്ടുള്ളത് ഇൻഡസ്ട്രിയൽ ഏരിയയിലുള്ള സ്ഥലത്താണ്.തരം തിരിച്ചമാലിന്യം വയ്ക്കുന്നതിന് ഏകദേശം 700.Sq.Ftസ്വകാര്യ ഫീറ്റ് വിസ്തൃതിയിൽ ഹാൾ സ്ഥിതിചെയ്യുന്നു. ശേഖരിക്കുന്ന മാലിന്യങ്ങളും , റിജക്ടഡ് വേസ്റ്ററും ടാർപോളിൻ കെട്ടി മഴ നനയാത്ത രീതിയിലാണ് സൂക്ഷിച്ചിട്ടുള്ളത് എം.സി,എഫ് സ്ഥിതി ചെയ്യുന്നത്. .ഹരിത കർമ്മ സേനക്ക് സ്വന്തമായി ഒരു വാഹനം ഉണ്ട്. ശേഖരിച്ച മാലിന്യങ്ങൾ അതാത് വാർഡിൽ റോഡ്സൈഡിലാണ് മിനി എം.സി.എഫിൽ സൂക്ഷിച്ചിരിക്കുന്നു. മിനി എം.സി.എഫിൽ സൂക്ഷിച്ചിരിക്കുന്ന മാലിന്യം വാഹനത്തിൽ കൊണ്ടുപോയി പ്രധാന എം.സി.എഫിൽ നിക്ഷേപിക്കുകയാണ്ചെയ്യുന്നത്. സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ , ശുചി മുറി , ഓഫീസ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

*2) മാലിന്യ സംഭരണ ശേഷി*

കൈകാര്യം ചെയ്യുന്ന ചെയ്യന്ന മാലിന്യത്തിനനുസൃതമായി MCF ന് ആവശ്യത്തിന് വിസ്തൃതിയുണ്ടെങ്കിലും സുരക്ഷിതമായി വയ്ക്കുവാൻ ഇനിയും കെട്ടിടങ്ങളോ ഷീറ്റ് പതിച്ചഹാളുകളോ ആവശ്യമാണ് .റിജക്ടഡ് വേയ്സ്റ്റ് ക്ളീൻ കേരള കമ്പനി എന്ന സ്ഥാപനമാണ് എടുക്കുന്നത്. കൃത്യമായ ഇടവേളകളിൽ എടുക്കാത്തതിനാൽ അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറിയുടെയും ഓഡിറ്റ് ഓഫീസറുടെയും സാന്നിധ്യത്തിൽ നടന്ന പ്രാദേശിക പരിശോധനയിൽ എം.സി.എഫിൽ പ്ളാസ്റ്റിക്ക് മാലിന്യം സൂക്ഷിക്കുന്ന ദൃശ്യം താഴെ കൊടുക്കുന്നു.



*4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ*

മാലിന്യം ഇനം തിരിക്കുന്നത്, തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവുംഉറപ്പാക്കുന്നതിന് MCF/RRF-ൽ മാലിന്യ, സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും പാലിച്ചിട്ടുണ്ട്. ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCF/ RRF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളം പാലിച്ചിട്ടുണ്ട്

*5) യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്*

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കാര്യക്ഷമമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് കുത്തനൂർ ഗ്രാമ പഞ്ചായത്ത് ക്ലീൻകേരള കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. സർക്കുലർ നം. ഡി.സി.1/282/20/ തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ക്ളീൻ കേരള കമ്പനി മാലിന്യം കൊണ്ടുപോകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. **എന്നാൽ കൃത്യമായ ഇടവേളകളിൽ മാലിന്യം കൊണ്ടുപോകുന്നതിന് കാലതാമസം**

**വരുന്നുണ്ട്എന്നും സൂക്ഷിച്ചു വയ്ക്കുന്നതിനുള്ളപ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നെണ്ടെന്ന് സേനാംഗങ്ങൾ പറയുന്നു.**

**നിർദേശങ്ങൾ**

**1)**ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി RRF സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മാലിന്യങ്ങൾ മഴ നനയാതെ സൂക്ഷിക്കാൻ നിലവിലുള്ള സൗകര്യം അപര്യപ്തമാണ്.കൂടുതൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

3) ഈ സ്ഥാപനത്തിൽ ഫയർ ആന്റ് റസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്.

4) RRF സംവിധാനം കൊണ്ടു വരേണ്ടാതാണ്. ഷ്രഡിംങ്ങ് , ബെയിലിംങ്ങ് എന്നിവക്കുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ് . .

5) .യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

6)ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

7)ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

8)ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുന്ന വിവരങ്ങൾ മാത്രമാണ്അറിയാൻ കഴിയുന്നത്. വീടുകൾ/ സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

9)അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

11)ഹരിത കർമ്മ സേനാംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ചെക്ക് അപ്പ് സംവിധാനം കൊണ്ടു വരേണ്ടതാണ്

നാളിതുവരെ ബോധവൽക്കരണം നടത്തിയിട്ടും ചിലരിൽ നിന്നുള്ള സഹകരണകുറവും മോശം പെരുമാറ്റവും ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ അവരുടെ പ്രവർത്തനത്തെ യാതൊരുവിധത്തിലും ബാധിക്കാതെ മാതൃകാപരമായ പ്രവർത്തനങ്ങൾ ഹരിത കർമ്മസേനയുടെ ഭാഗത്തുനിന്നുണ്ടവേണ്ടതാണ്. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെഇനിയും മെച്ചപ്പെടുത്താൻഉതകുന്ന പ്രവർത്തനങ്ങൾ ഭരണസമിതിയുൾപ്പെടെഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2023-24 | 19-9-2024മുതൽ 28-9-2024വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 25000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 25000 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 32881 | ലൈഫ് ഭവനം | 0 | 32881 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | | 300000 | ലൈഫ് ഭവനം | 0 | 300000 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 45000 | 12/24-സ്ഥിരം കൃഷി-എസ്സിപി | 45000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 960000 | 11/24-സ്ഥിരം കൃഷി-പൊതുവിഭാഗം | 960000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 300000 | 119/24-ലൈഫ് ഭവന നിർമ്മാണം-എസ്സി | 300000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 480000 | 68/24-ലൈഫ് ഭവന നിർമ്മാണം-പൊതു വിഭാഗം | 480000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 700000 | 69/24-ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 700000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 100000 | 87/24-അംഗൻവാടി പോഷകാഹാരം-ജനറൽ | 100000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 257400 | ഭിന്നശേഷി സ്കോളർഷിപ്പ് | 257400 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 600000 | 204/24-ഡെസ്റ്റിനേഷൻ | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ചലഞ്ച്-കാരമല കുട്ടികളുടെ പാർക്കും സാഹസിക പാർക്കും-ടോയ്ലറ്റ് നിർമ്മാണം | | |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 400000 | 83/24-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | --- | 9107 | ലൈഫ് ഭവനം | 0 | 9107 |
| ജില്ലാ പഞ്ചായത്ത് | --- | 320000 | 132/24-ലൈഫ് ഭവന നിർമ്മാണം-ജനറൽ | 200000 | 120000 |
| ജില്ലാ പഞ്ചായത്ത് | --- | 326000 | 132/24-ലൈഫ് ഭവന നിർമ്മാണം-എസ്സി | 326000 | 0 |
| ജില്ലാപഞ്ചായത്ത് | 2023-24 | 72000 | 12/24-സ്ഥിരം കൃഷി-എസ്സിപി | 72000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1344000 | 11/24-സ്ഥിരം കൃഷി-പൊതുവിഭാഗം | 1344000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 3500000 | 68/24-ലൈഫ് ഭവന നിർമ്മാണം-പൊതു വിഭാഗം | 3500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 900000 | 69/24-ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 900000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 600000 | 128/24-ലൈഫ് ഭവന പദ്ധതി-പഞ്ചായത്ത് വിഹിതം-ജനറൽ-പാർപ്പിടം | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 250000 | 83/24-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 20000 | 85/24-എസ്സി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 460000 | ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ | 0 | 460000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി, പെരിങ്ങോട്ടുകുറിശ്ശി | 7/24 വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 40/05.07.23 | 82389 | 0 | 82389 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | - | 13637509 | - | 13637509 | 1914492 (*) | - | 11723017 |

(*) ജി.ഒ പ്രോജക്ടുകൾ പ്രകാരമുള്ള തുക

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2022-23 | 1-15-2 | 510 | ചന്ദ്രിക | 42301477/31-3-2024 |
| | | 100 | ദേവു | 42301478/31-3-2024 |
| | | 100 | ലക്ഷ്മി | 42301479/31-3-2024 |
| | | 100 | മധു | 42301480/31-3-2024 |
| | | 100 | സുരേഷ് | 42301481/31-3-2024 |

| | | | | |
|---|---|---|---|---|
| 2021-22 | 1-11-1 | 450 | മോഹൻ ബാബു, പമ്പ് ഓപ്പറേറ്റർ | 1230101156/3-6-2023 |
| 2019-20 | 1-11 | 720 | അനൂപ്.പി.ആർ, മോഡേൺ സ്റ്റീൽ ഫാബ്രിക്കേഷൻ | 1230101547/26-6-2023 |
| ആകെ | | 2080 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3.1.23 | -പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങി ലീസിന് നൽകൽ | 13-06-22 ന് സമിതിയുടെ സിറ്റിംഗ് കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | --- | 2014-15 | 5.7.6 | മൃഗസംരക്ഷണ, ക്ഷീര വികസന മേഖല-പ്രത്യേക അവലോകനം | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | --- | | 5.7.7 | | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | ---- | | 5.7.8 | | |
| --- | --- | | 5.7.9 | | |
| --- | --- | | 5.7.10 | | |
| 2014-15 | 2.5 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല. |
| 2015-16 | 2-5 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ | : | ₹60219733.91/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹41392431/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ----- |
| | | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹115500 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 4406 | ഷബീന.ഐ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4406 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 115500 | ഗിരിജ.സി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 115500 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| - | - |

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷബീന.ഐ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തരൂർ ഗ്രാമപഞ്ചായത്ത് | അലീഫ്, വടക്കേനട, കാവശ്ശേരി, പാലക്കാട് -678549 |
| ഗിരിജ.സി,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തരൂർ ഗ്രാമ പഞ്ചായത്ത് | പാർവതി മാധവം അങ്കമശാല ,കുനിശ്ശേരി പോസ്റ്റ്, പാലക്കാട്- Pin 678681 |

## 4-11 **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ക്രമ നം. | വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ / എണ്ണം |
|---|---|---|---|
| 1 | 1996-97 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 14<br>(32 മുതൽ 45 വരെ) |
| 2 | 1997-98 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 5<br>(35, 40, 41, 42, 44) |
| 3 | 1998-99 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 4 | 2000-01 & 2001-02 (പദ്ധതി വിഹിതം) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 11<br>{(ഭാഗം-1/ 2000-01-3,4,) (ഭാഗം-2-2001-02-2,3,4,5, 6,7,8,9)} |
| 5 | 2000-01 (പദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 10<br>(1 മുതൽ 10 വരെ) |
| 6 | 2001-02 (പദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 7 | 2002-03 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 8 | 2003-04 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 1<br>(3-3) |
| 9 | 2004-05 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 10 | 2005-06 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 4<br>(3-1, 3-4, 3-5, 3-7 ) |
| 11 | 2006-07 | നം.കെ.എസ്.എ-പികെഡി.10/ | Audit Report Closed |

| | | | |
|---|---|---|---|
| | | 1786/2022, തിയതി : 29-11-2022 | |
| 12 | 2007-08 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 13 | 2008-09 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 1<br>(3-1) |
| 14 | 2009-10& 2010-11 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 3<br>(2-2, 3-1, 3-4) |
| 15 | 2011-12 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 3<br>(3-4, 3-5, 3-7) |
| 16 | 2012-13 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 5<br>(2-8, 3-2, 3-3,3-11,3-13) |
| 17 | 2013-14& 2014-15 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി:29-11-2022 | 10<br>(2-3, 2-5, 3-8, 3-9, 3-13, 3-14, 3-15, 3-17, 3-18, 3-19) |
| 18 | 2015-16 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി:29-11-2022 | 3<br>(2-1, 3-5, 3-8) |
| 19 | 2016-17 | നം.കെ.എസ്.എ-പികെഡി.10/ 406/2022, തിയതി : 16-06-2022 | 1 (2-5) |
| 20 | 2017-18 | നം.കെ.എസ്.എ-പികെഡി.10/ 406/2022, തിയതി : 16-06-2022 | മുഴുവൻ തീർപ്പാക്കി |
| 21 | 2018-19 | നം.കെ.എസ്.എ-പികെഡി.10/ 405/2022, തിയതി : 16-06-2022 | 3 (1-19, 1-22, 1-24) |
| 22 | 2019-20 | നം.കെ.എസ്.എ-പികെഡി.10/ 2128/2022, തിയതി : 18-11-2022 | 4 {1-11എ)(1,8,9,10), 1-16, 1-17, 1-21} |
| 23 | 2020-21 | നം.കെ.എസ്.എ-പികെഡി.10/ 2027/2022, തിയതി : 19-11-2022 | 7 {1-11ഡി, 1-13, 1-14,<br>1-15, 1-20(1,2),<br>1-23, 1-28} |

| | | | |
|---|---|---|---|
| 24 | 2021-22 | നം: കെ.എസ്.എ-പി.കെ.ഡി-10/567/2023/19-4-2023 | 11 |
| 25 | 2022-23 | നം.കെ.എസ്.എ.(പി.കെ.ഡി) പി 10/1691/2023/01-12-2023 | 13 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated (5) dated 15-05-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Tarur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Tarur Grama Panchayat as on 31-03-2024

**Date: 11/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Tarur Grama Panchayat for the Year 2023-2024.

### 1.Major Observations

nil

### 2.Other Observations

1.All the mandatory financial statements prescribed in the Kerala Panchayat Raj Accounting Rules -2011 are not submitted for audit.
2.Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents in the Cashflow statement.

3.Cheques not withdrawn from the bank has been excluded in the reconciliation statement.
4.The entries in the profession tax register and the AFS do not match with.
5.Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balancesheet could not be ascertained.
6.Advance given to implementing agency KSEB for deposit work 82389/- is not included in the Balance sheet B-18 schedule.

7. The figures in respect of Health Grant in the AFS do not match with that in the ACR.
8.The figures in respect of Advance register in the AFS do not match with that in the ACR.

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക കണക്ക്-വിവിധ പത്രികകൾ-സംക്ഷിപ്തം

| Tarur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7701474.91 |
| Cash | Cash | RP-40(a) | 23179.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 633230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 21000.00 |
| 140000000 | Fees & User Charges | RP-4 | 2568688.00 |
| 150000000 | Sale & Hire Charges | RP-5 | 10689.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13540073.00 |
| 171000000 | Interest Earned | RP-9 | 135382.00 |
| 190000000 | Prior Period Income | RP-11 | 90439.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 22490286.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11979117.00 |
| 460000000 | Loans, Advances and Deposits | RP-49 | 333405.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 18579.00 |
| 340000000 | Deposits Received | RP-33 | 463.00 |
| 350000000 | Other Liabilities | RP-35 | 673729.00 |
| | **Grand total** | | **60219733.91** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 8250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30160.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5236044.00 |
| 460000000 | Loans, Advances and Deposits | RP-49 | 2736201.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 39444.00 |
| 350000000 | Other Liabilities | RP-35 | 33342332.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18699382.91 |
| Cash | Cash | RP-40(b) | 127920.00 |

| **Grand Total** | **60219733.91** |
|---|---|

| Tarur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3710597.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 16500.00 |
| 140000000 | Fee & User Charges | I-4 | 3506867.00 |
| 150000000 | Sale & Hire Charges | I-5 | 15189.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 163912455.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 135382.00 |
| 180000000 | Other Income | I-9 | 18579.00 |
| 190000000 | Prior Period Income | I-19 | 11964.00 |
| | **Total Income** | | **171315569.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12455847.00 |
| 220000000 | Administrative Expenses | I-11 | 1332373.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12 | 4738416.00 |
| 240000000 | Interest & Finance Charges | I-13 | 32296.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10527921.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 37633774.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2601042.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 52197066.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46725700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1616836.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9457090.00 |
| | Total Expenditure | | 179318361.00 |
| | Gross Surplus / Deficit of income over Expenditure | | -8002792.00 |
| | Gross Surplus / Deficit of income over Expenditure | | -7481725.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -533031.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -521067.00 |

| | | | |
|---|---|---|---|
| | **Tarur Grama Panchayat BALANCE SHEET** | | |
| | As 0n 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 1830397.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1700.00 |
| 312000000 | Reserves | B-3 | 58283522.00 |
| | **Total Reserve & Surplus** | | **60115619.97** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17126162.00 |
| | **Total Grants, Contributions for Specific Purposes** | | **17126162.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 11723017.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **11723017.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 400522.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1399578.94 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1800100.94** |
| | **TOTAL LIABILITIES** | | **90764899.91** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3248330.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 143934.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 39939467.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 39138408.00 |
| 416000000 | Accumulated Depreciation | B-11(a) | -32274536.00 |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **50195603.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 153170.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7210334.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 11723017.00 |
| 450000000 | Cash and Bank Balance | B-17 | 18827302.91 |
| 460000000 | Loans, Advances and Deposits | B-18 | 2655473.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **40569296.91** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **90764899.91** |

**DEPUTY DIRECTOR**